KINGDOM OF SAUDI ARABIA
JUBAIL DA'WAH CENTER
EDUCATION DEPARTMENT

المملكة العربية السعـــــوديـــة
المكتب التعاوني للدعوة والإرشاد
وتوعيـــة الجــــــاليات بالجبيــل

# صفة الحج والعمرة والزيارة

إعداد:
هدية الحاج والمعتمر
المكتب العلمي
ترجمة: سيد سعفر صادق

# ഹജ്ജ്: ഒരു പഠനം

തയ്യാറാക്കിയത്:
ഹദ്‌യത്തുൽ ഹാജ്‌വൽ മുഅതമിർ
മക്‌തബുൽ ഇൽമി

വിവർത്തനം:
സയ്യിദ് സഅ്ഫർ സ്വാദിഖ്
ജുബൈൽ ദഅ്‌വാ സെൻറർ

بسم الله الرحمن الرحيم

സർവ്വ സ്തുതികളും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു, കഅബയെ ഹറമും, ജനങ്ങൾക്ക് അഭയകേന്ദ്രവും, നിർഭയത്വവുമാക്കിയ അല്ലാഹുവിന്നാണ് സർവ്വസ്തുതിയും, സത്യവിശ്വാസികളായ അവൻെറ അടിമകളുടെ ഹൃദയം അതിലേക്ക് ആകർഷിക്കുന്നു, ഹജ്ജും, ഉംറയും ചെയ്തവരിൽ ഏറ്റവും ഉത്തമനായ പ്രവാചകൻെറമേൽ ശാന്തിയും, സമാധാനവും വർഷിക്കുമാറാവട്ടെ, ലോകർക്ക് അനുഗ്രഹമായിട്ടാണ് അദ്ദേഹം നിയോഗിതനായത്. തന്നിലർപ്പിതമായ ഉത്തരവാദിത്വം നിർവ്വഹിക്കുകയും, സമുദായത്തെ ഗുണദോഷിക്കുകയും, അല്ലാഹുവിന്ന് വേണ്ടി യഥാർത്ഥ ധർമ്മസമരം നടത്തുകയും ചെയ്തു, ഇസ്ലാമുമായിട്ടാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. അത്മുഖേന ജനങ്ങളെ സന്മാർഗത്തിലേക്കും, ശിർക്കിൻെറയും, കുഫ്റിൻെറയും അന്ധകാരത്തിൽ നിന്ന്, ഇസ്ലാമാകുന്ന കത്തി ജ്വലിക്കുന്ന സൂര്യപ്രകാശത്തിലേക്കും വഴി നടത്തുന്നു.
അല്ലാഹു പറയുന്നു:

(وَكَذَلِكَ أَوْحَيْنَا إِلَيْكَ رُوحًا مِنْ أَمْرِنَا مَا كُنْتَ تَدْرِي مَا الْكِتَابُ وَلاَ الإِيمَانُ وَلَكِنْ جَعَلْنَاهُ نُورًا نَهْدِي بِهِ مَنْ نَشَاءُ مِنْ عِبَادِنَا وَإِنَّكَ لَتَهْدِي إِلَى صِرَاطٍ مُسْتَقِيمٍ) (الشورى: 52 )

(അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയാമായിരുന്നില്ല. പക്ഷെ, അ തിനെ നാം ഒരു പ്രകാശമാക്കിയിരിക്കുന്നു. അതു മുഖേന നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്.) ശൂറാ: 52

മതനിയമങ്ങൾ നൽകിയ നിനക്കാകുന്നു സർവ്വസ്തുതികളും, കൽപനകൾ നൽകിയ നിനക്കാകുന്നു സർവ്വ സ്തുതികളും, വിധിക്കുകയും, എളുപ്പമാക്കുകയും ചെയ്ത നിനക്കാകുന്നു സർവ്വ സ്തുതികളും.

# മുസ്ലിം സഹോദരാ;

പരിശുദ്ധ മക്ക അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടമുള്ളതും, ഏറ്റവും അനുഗ്രഹീതവുമായ പ്രദേശമാണ്. അവിടെയാണ് ശ്രേഷ്ടവും സർവ്വ മുസ്ലീങ്ങൾക്കും ഖിബ്ലയായി നിശ്ചയിക്കപ്പെട്ടതുമായ കഅബയും, മസ്ജിദുൽ ഹറാമും ഉള്ളത്. അല്ലാഹുവിൻെറ വിളിക്കുത്തരം നൽകി അവനെ ആരാധിക്കുവാൻ വേണ്ടി ഒരു ദിവസം അഞ്ച് പ്രാവശ്യം മുസ്ലീങ്ങൾ അതിലേക്ക് തിരിയുന്നു. പ്രവാചകന്മാരുടെ തൊ ട്ടിലാണ് മക്ക, നമ്മുടെ പിതാവായ ഇബ്രാഹിം നബി(ɒ) മഖാമുഇബ്രാഹീമും നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി(ε)യുടെ പ്രവാചകത്വ സ്ഥലവും അതു തന്നെയാണ്.

അല്ലയോ സഹോദരാ, വിദൂരമായ നിൻെറ നാട്ടിൽനിന്ന് നമസ്കാരത്തിൽ അല്ലാഹുവിലേക്ക് തിരിയുന്നത് ശ്രേഷ്ടമാക്കപ്പെട്ട മക്കയിലെ കഅബയിലേക്കാണ്. വാർത്താമാധ്യമങ്ങളിലൂടെ, ഹറമിൽ നമസ്കരിക്കുന്നവരെ കാണുമ്പോഴെല്ലാം അവരിൽ ഒരാളാകുവാനും, അവർ ത്വവാഫ് ചെയ്യുന്നത് പോലെ ത്വവാഫ് ചെയ്യുവാനും, അവർ കഅബക്ക് ചുറ്റും നമസ്കരിക്കുന്നത് പോലെ നമസ്കരിക്കുവാനും, സംസം വെള്ളം കുടിക്കുവാനും, സഫാ മർവ്വക്കിടയിൽ സഅ്യ് നടത്തുവാനും, അല്ലാഹുവിനെ ആരാധിക്കുന്നതിൽ വെച്ചേറ്റവും പുണ്യമായ ആ സ്ഥലത്ത് അവനെ ആരാധിക്കുവാനും നീ അല്ലാഹു വിനോട് ഏറെ പ്രാർത്ഥിച്ചുരുന്നില്ലേ?

മുസ്ലിം സഹോദരാ, നീ നിൻെറ രക്ഷിതാവിനോട് ഹജ്ജിനും, ഉംറക്കും അവസരമൊരുക്കി തരുവാൻ പ്രാർത്ഥിച്ചിരു ന്നില്ലേ? ആ പ്രാർത്ഥനക്കിതാ ഉത്തരം ലഭിച്ചിരിക്കുന്നു, നിൻെറ പ്രതീക്ഷയും, ആഗ്രഹവുമിതാ നിറവേറിയിരിക്കുന്നു. അല്ലാഹുവിന്നാകുന്നു സർവ്വ അനുഗ്രഹങ്ങളും, സ്തുതികളും. ഇപ്പോൾ നീയിതാ ബൈതുൽഹറാമിലേക്ക് യാത്രപുറപ്പെടുവാൻ തീരുമാനിച്ചിരിക്കുകയാണ്. സഹോദരാ, നിന്നോടൊപ്പം ചേർന്ന്, ഈ യാത്രക്ക് നീ തീരുമാനിച്ചത് മുതൽ നിൻെറ കുടുംബത്തിലേക്ക് സുരക്ഷിതമായി തിരിച്ചെത്തുന്നത് വരെയുള്ള കാര്യങ്ങൾ നിനക്ക് വിവരിച്ച് തരുകയെന്നുള്ളത് ഞങ്ങളുടെ ബാധ്യതയായി കാണുന്നു.

# ഹജ്ജിൻെറയും, ഉംറയുടെയും ശ്രേഷ്ടതകൾ:

വിശുദ്ധ ഖുർആനും, തിരുസുന്നത്തും നിർദ്ദേശിക്കുന്നവിധം, പരിപൂർണമായ രൂപത്തിൽ അല്ലാഹുവിന്ന് വേണ്ടി നിഷ്കളങ്കമായി നിർവ്വഹിച്ച ഹജ്ജിനും, ഉംറക്കും അല്ലാഹുവിൻെറയടുത്ത് വളരെയധികം പുണ്യമാണുള്ളത്.

അബൂഹുറൈറ(റ)വിൽ നിന്നും നിവേദനം: (നബി(ﷺ) പറഞ്ഞു: "അനാവശ്യങ്ങളോ, സ്ത്രീ പുരുഷ സംസർഗ്ഗമോ ചെയ്യാതെ ഈ ഭവനത്തിൽ (ഹജ്ജിന്) വന്നവൻ, അവൻെറ മാതാവ് അവനെ പ്രസവിച്ച നാളിലെപ്പോലെ വിശുദ്ധനായി) മടങ്ങും." (മുസ്ലിം.)

ഇതിൻെറ ആശയം, അവൻെറ എല്ലാ പാപവും പൊറുക്കപ്പെട്ട്, പാപ രഹിതനായ ഒരു നവജാത ശിശുവിനെ പോലെ അവൻ ആയിത്തീരും എന്നതാണ്.

അബൂഹുറൈറ(റ)വിൽ നിന്നും നിവേദനം: നബി(ﷺ)പറയുന്നു: "ഒരു ഉംറ അടുത്ത ഉംറവരെയുള്ള പാപങ്ങളുടെ കഫ്ഫാറത്ത് (പ്രായ്ശ്ചിത്തം) ആകുന്നു, പരിപൂർണമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല" (ബുഖാരി, മുസ്ലിം).

മുസ്ലിം സഹോദരാ, പരിപൂർണമായ ഹജ്ജ് എന്നാൽ, ലോകമാന്യം കടന്ന് വരാത്ത, അനാവശ്യങ്ങളോ, സ്ത്രീ പുരുഷ സംസർഗ്ഗമോ ചെയ്യാത്ത, അല്ലാഹുവും പ്രവാചകനും കൽപിച്ച രൂപത്തിൽ പരിപൂർണമായ കർമ്മങ്ങൾ ഉൾകൊള്ളുന്ന ആരാധനയാണ്.

# ഹജ്ജിൻെറയും, ഉംറയുടെയും വിധി:

ഇസ്ലാമിൻെറ പഞ്ച സ്തംഭങ്ങളിൽ പെട്ട ഒന്നാണ് ഹജ്ജ്, ജീവിതത്തിൽ ഒരിക്കൽ, ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ, സ്വതന്ത്രനും, സാമ്പത്തിക-ശാരീരിക ശേഷിയുമുള്ള ഓരോ മുസ്ലിമിനും ഹജ്ജ് കർമ്മം നിർബ്ബന്ധമാണെന്ന് പ്രവാചക കാലത്തുള്ള മൂസ്ലിം സമൂഹം യോജിച്ച അഭിപ്രായം (ഇജ്മാഅ്) രേഖ ടുത്തിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

(وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً وَمَنْ كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ) (آل عمران: 97)

(ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരു ടെ ആശ്രയം ഇല്ലാത്തവനാകുന്നു.) ആലു ഇംറാ ൻ: 97

പ്രിയ സഹോദരാ, ഉംറ:ജീവിതത്തിൽ ഒരിക്കൽ നിർബ്ബന്ധമാണെന്നാണ് പ്രബലമായ പണ്ഡിതാഭിപ്രായം. അത് ഹജ്ജിനോടൊപ്പം ചെയ്താലും, അല്ലെങ്കിൽ മറ്റ് ഏത് സമയത്ത് ചെയ്താലും ശരി, പ്രായപൂർത്തിയെത്തിയ, ബുദ്ധിയുള്ള, തൻെറ ആവശ്യങ്ങൾ നിറവേറ്റുവാനും, മക്കയിലേക്കെത്തുവാ നും മതിയായ കഴിവുമുള്ള എല്ലാ മുസ്ലിമിനും നിർബ്ബന്ധമാണ്.

# ഹജ്ജും,ഉംറയും സ്വീകരിക്കപ്പെടുവാനുള്ള നിബന്ധനകൾ:

പ്രിയ മുസ്ലിം സഹോദരാ, ഹജ്ജും, ഉംറയും അല്ലാഹുവിന്നുള്ള ആരാധനയാകുന്നു. ചെറുതും, വലുതുമായ എല്ലാ ആരാധനകളും അല്ലാഹുവിനാൽ സ്വീകരിക്കപ്പെടാനും, അവൻെറ

തൃപ്തിയും, സ്വർഗവും കരസ്ഥമാക്കാനും പ്രധാനമായും രണ്ടു നിബന്ധനകൾ അനിവാര്യമാണ്.

ഒന്ന്:

അല്ലാഹുവിൻെറ പ്രീതി മാത്രം കാംക്ഷിച്ച് കൊണ്ട് നിഷ്കളങ്കമായിട്ടായിരിക്കണം ആരാധനകൾ ചെയ്യേണ്ടത്, അതോടൊപ്പം അല്ലാഹുവിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയും വേണം.

ഖുദ്സിയായ ഹദീസിൽ അല്ലാഹു പറയുന്നു:"യാതൊരു പങ്കാളിത്തവും ആവശ്യമില്ലാത്തവനാണ് ഞാൻ, ആരെങ്കിലും വല്ല പ്രവർത്തിയിലും എന്നോടൊപ്പം മറ്റാരെയെങ്കിലും പങ്കു ചേർത്താൽ അവ നെയും, അവൻെറ ശിർക്കിനെയും ഞാൻ ഉപേക്ഷിക്കുന്നതാണ്." മുസ്‌ലിം. തൻെറ പ്രവർത്തന ങ്ങളുടെ നിയ്യത്തിൽ അല്ലാഹുവിനോട് കൂടെ ആരെയെങ്കിലും പങ്ക് ചേർത്താൽ ആ പ്രവർത്തനം അല്ലാഹു സ്വീകരിക്കുകയില്ല. ഈ പറഞ്ഞതിൻെറ അർത്ഥം. ജനങ്ങൾ കാണുവാനും, ഐഹിക പ്രശസ്തി നേടുവാനും ഹജ്ജും, ഉംറയും ചെയ്യുകയാണെങ്കിൽ ആ പ്രവർത്തനങ്ങൾ നിഷ്ഫലമാ യിരിക്കും. ആയതിനാൽ സഹോദരാ, ഇത് വളരെധികം ശ്രദ്ധിക്കേണ്ട ഗൗരവമായ കാര്യമാണ്.

രണ്ട്:

ആരാധനകൾ ചെയ്യുമ്പോൾ പ്രവാചകൻെറ സുന്നത്ത് പിൻപറ്റൽ നിർബ്ബന്ധമാണ്. അല്ലാഹു കൽപിച്ചിട്ടുള്ള എല്ലാ ആരാധനകളുടെയും രൂപവും ആകൃതിയും പ്രവാചകനാണ് നമുക്ക് കാണിച്ച് തന്നിട്ടുള്ളത്. അത് വിശുദ്ധഖുർആനിലും, പ്രവാചക ചര്യയിലും നമുക്ക് കാണുവുന്നതാണ്. ഇസ്‌ലാമിലുള്ള എല്ലാ ആരാധനകൾക്കും, അത് നിർവ്വഹിക്കേണ്ട പ്രത്യേക രൂപങ്ങളുണ്ട്. നമസ്കാര ത്തിനും, സകാത്തിനും, റമളാനിലെ നോമ്പിനും, ഹജ്ജിനും, മറ്റെല്ലാ ആരാധനകൾക്കും പ്രത്യേക രൂപങ്ങളുണ്ട്.

പ്രവാചക തിരുമേനി(ﷺ) മഹത്തായ ഹജ്ജ് കർമ്മം ചെയ്യുമ്പോൾ പറയുകയുണ്ടായി: "നിങ്ങൾ എന്നിൽനിന്ന് നിങ്ങളുടെ ഹജ്ജിൻെറ കർമ്മങ്ങൾ സ്വീകരിക്കുക". മുസ്‌ലിം. അതായത് ഹജ്ജിലും, ഉംറയിലും അവയുടെ കർമ്മങ്ങളായി ഞാൻ എന്താണ് ചെയ്തത് എന്ന് നിങ്ങൾ കണ്ട് പഠിക്കുക, എന്നിട്ടത് ജീവിതത്തിൽ പകർത്തുക.

അല്ലാഹുവോ പ്രവാചകനോ പഠിപ്പിക്കാത്ത, മതമാക്കാത്ത എല്ലാ കാര്യങ്ങളെ തൊട്ടും പ്രവാചക ൻ തൻെറ സമൂഹത്തെ താക്കീത് ചെയ്യാറുണ്ട്. പ്രവാചകതിരുമേനി പറഞ്ഞു: "നമ്മുടെ കൽപനയില്ലാത്ത പ്രവർത്തനം (മതത്തിൻെറ കാര്യത്തിൽ) ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്" മുസ്‌ലിം.

അതായത് അല്ലാഹുവും, പ്രവാചകനും പഠിപ്പിക്കാത്ത രൂപത്തിൽ ആരെങ്കിലും മതത്തിൽ ഒരു കാര്യം പ്രവർത്തിച്ചാൽ ആ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയില്ല. ആയതിനാൽ സഹോദരാ, നീ നിർവ്വഹിക്കുന്ന എല്ലാ ആരാധനകളിലും മേൽ വിവരിക്കപ്പെട്ട രണ്ട് നിബന്ധനകൾ പരിഗണിക്ക പ്പെട്ടിട്ടുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതാണ്. ഹജ്ജും ഉംറയും നിർവ്വഹിക്കുവാൻ പോകുമ്പോൾ ശ്രദ്ധി ക്കേണ്ടത് ചെയ്യാൻ പോകുന്ന പ്രസ്തുത കർമ്മങ്ങൾ അല്ലാഹുവിന്ന് മാത്രം നിഷ്കളങ്കമാക്കി യിട്ടുണ്ടോ എന്നും, അല്ലാഹുവും പ്രവാചകനും നിയമമാക്കിയിട്ടുള്ള പോലെയാണോ നിർവ്വക്കുന്നത് എന്നുമാണ്.

അല്ലാഹുവേ, ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും നിൻെറ പ്രീതി ഉദ്ദേശിച്ച് കൊണ്ടുള്ള താക്കേണമേ, അതിൽ ഞങ്ങൾ ലോകമാന്യവും, പ്രശസ്തിയും ഉദ്ദേശിക്കുന്നില്ല, നീയും നിൻെറ പ്രവാചകനും പഠിപ്പിച്ച രൂപത്തിൽ നിർവ്വഹിക്കുവാൻ ഞങ്ങളെ നീ സഹായിക്കേണമേ, ആമീൻ.

പ്രിയ മുസ്‌ലിം സഹോദരാ:

ഹജ്ജ് കർമ്മം ചെയ്യുവാൻ വേണ്ടി മക്കയിലേക്ക് യാത്ര പുറപ്പെടുവാൻ തീരുമാനിച്ചാൽ നിൻെറ യാത്രയിലെ വിഭവങ്ങളും, ചിലവുകൾക്കുള്ള ധനവും അനുവദനീയവും, ഉത്തമമായതുമാ ക്കുക. ആരാധനകളിൽ നിന്നെ സഹായിക്കുന്ന നല്ല ഒരു കൂട്ടുകാരനെ തിരെഞ്ഞെടുക്കുക. ഹജ്ജി ൻെറ കർമ്മങ്ങൾ ശരിയാവണ്ണം പഠിക്കുകയും ചെയ്യുക. എങ്കിൽ യഥാർത്ഥ അറിവോടെ അല്ലാഹു വിനെ ആരാധിക്കുവാനും, ഹജ്ജിനെ നിഷ്ഫലമാക്കി കളയുന്ന തെറ്റിൽനിന്ന് മുക്തമാകുവാനും നിനക്ക് സാധിക്കും. അതോടൊപ്പം തന്നെ സംശയമുള്ള കാര്യങ്ങൾ മതത്തിൽ അഗാധ പാണ്ഡിത്യ മുള്ളരോട് ചോദിച്ച് പഠിക്കുകയും ചെയ്യുക. പ്രവാചകൻ(ﷺ) പറയുന്നു: "അവർ (പണ്ഡിതന്മാർ) പ്രവാചകന്മാരുടെ പിൻതുടർച്ചക്കാരാണ്" അബൂദാവദ്.

മുസ്‌ലിം സഹോദരാ, ശ്രദ്ധിക്കുക: ഹറമിലും, അത് പോലെ മറ്റ് പരിശുദ്ധമാക്കപ്പെട്ട സ്ഥല ങ്ങളിലും നിൻെറ സംശയങ്ങൾക്ക് മറുപടിതരുവാൻ വേണ്ടി പ്രബോധകരും, മാർഗദർശകരുമാ പണ്ഡിതന്മാർ ഉള്ള ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്, സ്ത്രീകൾക്ക് ഫോണിലൂടെ സംശയനിവാര ണത്തിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ആയതിനാൽ ഹജ്ജിൻെറയും, ഉംറയുടെയും,

അത്പോലെ മതപരമായ മറ്റു സംശയങ്ങളും അവരോട് ചോദിച്ച് നിവാരണം നടത്തുക. അതിന് വേണ്ടി പ്രവർത്തിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുമാറാവട്ടെ.

പിതാവ്, സഹോദരൻ, മകൻ, ഭർത്താവ് പോലെയുള്ള മഹ്റമിന്റെ കൂടെയാണ് സ്ത്രീകൾ യാത്ര ചെയ്യേണ്ടത്. ഇനി മഹ്റം കൂടെയില്ലാതെ ഒരു സ്ത്രീ യാത്ര ചെയ്ത് ഹജ്ജ് ചെയ്താൽ അവൾ മ ഹ്റമില്ലാതെ യാത്ര ചെയ്തതിന് കുറ്റക്കാരിയാവും. എന്നാൽ അവളുടെ ഹജ്ജ് അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ശരിയാവുന്നതാണ്.

സഹോദരാ, ഈ മഹത്തായ ദീനിന്റെ വിശാലമായ പ്രദേശത്തിലേക്കും, മഹത്തായ ഈ ആരാധനയുടെ നിയമങ്ങളിലേക്കും ഇനി നമുക്ക് പ്രവേശിക്കാം. അല്ലാഹു അനുഗ്രഹിച്ച, നിർഭയ ത്വമേകിയ നാട്ടിലേക്ക്, പ്രവേശിക്കുന്നവർക്ക് മുഴുവനും സുരക്ഷിതത്വം നൽകുന്ന ബൈതുൽ ഹറാമിലേക്ക്, അല്ലാഹു ഏറ്റവും പുണ്യകരമാക്കിയ പ്രദേശത്തേക്ക് നമുക്ക് ഇനി യാത്ര തുടങ്ങാം.

# ഹജ്ജിന്റെ ഇനങ്ങൾ:

ഹജ്ജ് മൂന്ന് രൂപത്തിൽ ചെയ്യാവുന്നതാണ്. അതിൽ ഏത് രൂപത്തിൽ ചെയ്താലും അവന്റെ ഹജ്ജ് സ്വീകാര്യമായിരിക്കും. അതിന്റെ രൂപങ്ങൾ താഴെ വിവരിക്കും പ്രകാരമാണ്.

## ഒന്ന്: തമത്തുഅ്:

ഹജ്ജിന്റെ മാസങ്ങളായ ശവ്വാൽ, ദുൽഖഅദ, ദുൽഹജ്ജിലെ ആദ്യത്തെ പത്ത് എന്നിവയിൽ മീഖാത്തിൽ വെച്ച് "ല ബ്ബൈക ഉംറതൻ" എന്ന്പറഞ്ഞ് കൊണ്ട് ഉംറക്ക് മാത്രമായി ഇഹ്റാമിൽ പ്രവേശിക്കുക. എന്നിട്ട് ഉംറയുടെ കർമ്മങ്ങളായ ത്വവാഫും, സഅ്യും ചെയ്ത്, മുടി വടിക്കുകയോ, വെട്ടുകയോ ചെയ്ത് ഉംറയിൽ നിന്നും തഹല്ലുലാവുക. അതോടുകൂടി ഇഹ്റാമിൽ നിഷിദ്ധമായിരുന്ന എല്ലാ കാര്യങ്ങളും അവന്ന് അനുവദനീയമാവുന്നതാണ്. പിന്നീട് ദുൽഹിജ്ജ: എട്ടിന് അവൻ എവിടെയാണോ താമസിക്കുന്നത് അവിടെ നിന്നും "ലബ്ബൈക ഹജ്ജൻ" എന്ന് പറഞ്ഞ് കൊണ്ട് ഹജ്ജിന് ഇഹ്റാം ചെയ്യുക. മുതമത്തിഅ് ആയി ഹജ്ജ് ചെയ്യുന്നവൻ നിർബ്ബന്ധ മായും ബലിയറുക്കേണ്ടതുണ്ട്. അത് ആടിനെയോ ഏഴ് പേർ വീതംച്ചേർന്ന് ഒട്ടകത്തേയോ പശുവിനേയോ അറുക്കാവുന്നതാണ്. ഇതിന് സാധ്യമല്ലായെങ്കിൽ ഹജ്ജിന്റെ ദിവസങ്ങളിൽ മൂന്ന് നോമ്പും, തന്റെ കുടുംബത്തിലേക്ക് മടങ്ങിയാൽ ഏഴ് നോമ്പും അനുഷ്ടിക്കേണ്ടതാണ്.

ശരിയായ പണ്ഡിതാഭിപ്രായ പ്രകാരം ബലിമൃഗം കൂടെകൊണ്ട് വരാത്തവർക്ക് 'തമത്തുഅ്' ആയ ഹജ്ജാണ് ഏറ്റവും ഉത്തമം. കാരണം പ്രവാചക തിരുമേനി സഫാ മർവ്വാക്കിടയിലുള്ള സഅ്യിന് ശേഷം തന്റെ അനുചരന്മാരോട് പറയുകയുണ്ടായി: "ബലിമൃഗം കൂടെ കൊണ്ട് വരാത്ത വർ ഇഹ്റാമിൽ നിന്ന് വിരമിക്കട്ടെ, എന്നിട്ട് അതിനെ അവർ ഉംറയാക്കട്ടെ" ബുഖാരി, മുസ്‌ലിം. ഹജ്ജ് ചെയ്യുവാൻ വേണ്ടി യാത്ര പുറപ്പെട്ടപ്പോൾ അവർ ഹജ്ജും ഉംറയും ഒന്നിച്ച് ഉദ്ദേശിച്ചിട്ടു ള്ളത് കൊണ്ടാണ് പ്രവാചകൻ അങ്ങിനെ പറഞ്ഞത്.

## രണ്ട്: ഖിറാൻ

ഹജ്ജിന്റെ മാസങ്ങളിൽ മീഖാത്തിൽ വെച്ച് ഹജ്ജിനും ഉംറക്കും ഒരുമിച്ച്, "ലബ്ബൈക ഉംറതൻ വ ഹജ്ജൻ" എന്ന് നിയ്യത്ത് ചെയ്ത് കൊണ്ട് ഇഹ്റാമിൽ പ്രവേശിക്കുക, എന്നിട്ട് മക്കയിൽ പ്രവേ ശിച്ചാൽ ഉംറയുടെ ത്വവാഫ് ചെയ്യുക, തുടർന്ന് ഉംറക്കും, ഹജ്ജിനും കൂടി ഒരു സഅ്യ് നടത്തുക, (ഇനി ഈ സഅ്യ് അവൻ ഉദ്ദേശിക്കുകയാണെങ്കിൽ ഹജ്ജിന്റെ ത്വവാഫുൽഇഫാള കഴിഞ്ഞതിന് ശേഷവും ചെയ്യാവുന്നതാണ്), എന്നിട്ട് മുടിവടി ക്കുകയോ, വെട്ടുകയോ ചെയ്യാതെ ഇഹ്റാമിൽ തന്നെ നിൽക്കുക. തുടർന്ന് ദുൽ ഹിജ്ജ: എട്ടിന് അവൻ മിനയിലേക്ക് പുറപ്പെടുകയും ഹജ്ജിന്റെ ബാക്കി കർമ്മങ്ങൾ പൂർത്തിയാക്കുകയും ചെയ്യുക, ഇങ്ങനെ ഖാരിനായി ഹജ്ജ് ചെയ്യുന്നവന്നും മുതമത്തിഅ്നെ പോലെ ബലിയറുക്കൽ നിർബ്ബന്ധമാണ്. ഇതിന് സാധ്യമല്ലായെങ്കി ൽ ഹജ്ജിന്റെ ദിവസങ്ങളിൽ മൂന്ന് നോമ്പും, തന്റെ കുടുംബത്തിലേക്ക് മടങ്ങിയാൽ ഏഴ് നോമ്പും അനുഷ്ടിക്കേണ്ടതാണ്.

## മൂന്ന്: ഇഫ്റാദ്

ഹജ്ജിന്റെ കാലത്ത് മീഖാത്തിൽ വെച്ച് "ലബ്ബൈക ഹജ്ജൻ" എന്ന് പറഞ്ഞ്കൊണ്ട്

ഹജ്ജിന് മാത്രമായി ഇഹ്റാമിൽ പ്രവേശിക്കുക. എന്നിട്ട് ഖാരിനായിഹജ്ജ് ചെയ്യുന്നവനെ പോലെ ചെയ്യുക. ഖാരിനായവന് ബലിയറുക്കൽ നിർബ്ബന്ധമാണ്. എന്നാൽ മുഫ്റദായി ഹജ്ജ് ചെയ്യുന്ന വന്ന് ബലിയറുക്കൽ നിർബ്ബന്ധമില്ല.

മേൽ പ്രസ്താവിക്കപ്പെട്ട രീതികളിൽ ഏതെങ്കിലും ഒന്ന് തെരെഞ്ഞെടുത്ത് നിർവ്വഹിക്കാവുന്ന താണ്. എന്നാൽ ബലിമൃഗം കൊണ്ട് വരാത്തവർക്ക് തമത്തുഅ് ആയ ഹജ്ജാണ് ഏറ്റവും ഉത്തമം.

മുസ്ലിം സഹോദരാ, ഹജ്ജോ, ഉംറയോ ഉദ്ദേശിച്ച് കൊണ്ട് ബൈതുൽ ഹറാമിലേക്ക് തിരിച്ചാൽ ഹജ്ജിൻെറ കർമ്മങ്ങളിൽ ആദ്യമായി ചെയ്യേണ്ടത് മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യലാണ്. ഇഹ്റാം എന്നത് കൊണ്ട് ഉദ്ധേശിക്കുന്നത്: ഉംറയുടെയോ, ഹജ്ജിൻെറയോ കർമ്മങ്ങളിൽ പ്രവേശിക്കുവാനു ള്ള നിയ്യത്താകുന്നു. ഹജ്ജോ, ഉംറയോ ഉദ്ദേശിച്ച് കൊണ്ട് മക്കയിലേക്ക് വരുന്ന വർ മീഖാത്തിൽ വെ ച്ച് ഇഹ്റാം ചെയ്യേണ്ടതുണ്ട്.

മീഖാത്തുകൾ: ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് ബൈതുൽ ഹറാമിലേക്ക് വരുന്നവർ അവിടെ എത്തും മുമ്പെ ഇഹ്റാമിൽ പ്രവേശിക്കാനായി പ്രവാചകൻ നിർണ്ണയിക്കുകയും, വിശദീകരിച്ച് തരുക യും ചെയ്ത അറിയപ്പെട്ട സ്ഥലങ്ങളാണ് മീഖാത്തുകൾ..

# ഇഹറാമിൻെറ മീഖാത്തുകൾ:

## ദുൽ ഹുലൈഫ:

ഇത് മദീനക്കാരുടെയും അതിലൂടെ വരുന്നവരുടെയും മീഖാത്താണ്. മസ്ജിദുന്ന ബവിയിൽ നിന്ന് ഏകദേശം പതിമൂന്ന് കിലോമീറ്റർ ദൂരമുണ്ട് ദുൽഹുലൈഫയിലേക്ക്. മക്കയിൽ നിന്ന് ഏറ്റവും കൂടുതൽ ദൂരമുള്ള മീഖാത്തും ഇത് തന്നെയാണ്. ദുൽ ഹുലൈഫക്കും, മക്കക്കുമിടയിൽ ഏകദേശം 420 കിലോമീറ്ററിൻെറ ദൂരമാണുള്ളത്. ഇന്ന് 'അബിയാർ അലി' എന്ന പേരിലാണ് ഇതറിയ പ്പെടുന്നത്.

## അൽജുഹ്ഫ:

റാബിഗിനടുത്തുള്ള ഒരു ഗ്രാമമാണിത്. ഇന്ന് ജനങ്ങൾ ഇതിൻെറ വളരെ അടുത്തുള്ള റാബിഗിൽ നിന്നാണ് ഇഹ്റാം ചെയ്യാറുള്ളത്. മക്കയിൽ നിന്ന് ഏകദേശം 208 കി,മി. ദൂരമുണ്ട് ഇവിടേക്ക്. ഇത് ശാമുകാരുടെയും, ഈജിപ്ത്കാരുടെയും, സഊദി അറേബ്യയിലെ വടക്ക്ഭാഗത്ത് താമസിക്കുന്നവരുടെയും, വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ആഫ്രിക്കൻ രാജ്യക്കാരുടെയും, ഇതിലൂടെ വരുന്നവരുടെയും മീഖാത്താണ്.

## ഖർനുൽ മനാസിൽ:

'സയ്ലൂൽ കബീർ' എന്നാണ് ഇന്ന് ഇതറിയപ്പെടുന്നത്. മക്കയിൽ നിന്ന് ഏകദേശം 78 കി,മി. ദൂരമുണ്ട് ഇവിടേക്ക്. നജ്ദ്കാരുടെയും, ഖലീജിൻെറ കിഴക്കൻ പ്രവിശ്യക്കാരുടെയും, ഇറാഖ് കാരുടെയും, ഇറാൻകാരുടെയും ഇതിലൂടെ കടന്ന് പോകുന്ന മറ്റുള്ളവരുടെയും മീഖാത്താണിത്. ഇപ്പോൾ ഇതിനോട് ചേർന്നാണ് "അൽഹുദാ"യുടെ വഴിയിലുള്ള ത്വഇഫിന് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന "വാദി മഹ്റം" എന്ന മീഖാത്തുള്ളത്. മക്കയിൽ നിന്ന് ഏകദേശം 75 കി,മി. ദൂരമുണ്ട് ഇവിടേക്ക്. ഇതാണ് ത്വഇഫുകാരുടെയും ഈ വഴി വരുന്നവരുടെയും മീഖാത്ത്. എന്നാൽ ഇത് സ്വതന്ത്രമായ ഒരു മീഖാത്തല്ല.

## യലംലം:

ഇന്ന് ഇതറിയപ്പെടന്നത് 'സഹദിയ': എന്നാണ്. മക്കയിൽ നിന്ന് ഏകദേശം 120 കി,മി. ദൂര മുണ്ട് ഇവിടേക്ക് യമൻകാരുടെയും, ഈ വഴിയിലൂടെ വരുന്ന മറ്റു യാത്രക്കാരുടെയും മീഖാത്താ കുന്നു ഇത്.

## ദാതുഇർഖ്:

ഇറാഖുകാരുടെയും,കിഴക്കൻ രാജ്യക്കാരുടെയും മീഖാത്താണിത്. എന്നാൽ ഇന്നിത് അതിലൂടെ വഴിയില്ലാത്തത് കാരണം ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. മക്കയിൽ നിന്ന് ഏകദേശം 100 കി,മി. ദൂരമുണ്ട് ഇവിടേക്ക്. ഇറാഖുകാരും, കിഴക്കൻ രാജ്യക്കാരും ഇന്ന് ഇഹ്റാം ചെയ്യാറുള്ളത് സൈയ്ലൂൽ കബീറി ൽ നിന്നോ, ദുൽ ഹുലൈഫയിൽ നിന്നോ ആണ്.

എന്നാൽ മക്കയിലുള്ളവർ ഹജ്ജിന് ഇഹ്റാം കെട്ടേണ്ടത് അവരുടെ വീടുകളിൽ നിന്നാണ്. ഉംറക്ക് ഇഹ്റാം കെട്ടേണ്ടത് തൻഈമിൽ നിന്നോ, ഹറമിൻെറ പരിധിയുടെ പുറത്ത് നിന്നോ ആണ്.

മേൽ വിവരിക്കപ്പെട്ട മീഖാത്തുകളുടെ പരിധിയിൽ പെടാത്ത 'ജിദ്ദ, ബഹ്റ, ശറാഇഅ്' പോലെയുള്ള സ്ഥലത്ത് താമസിക്കുന്നവർ ഹജ്ജിനും, ഉംറക്കും ഇഹ്റാം ചെയ്യേണ്ടത് അവരുടെ വീടുകളിൽ നിന്നാണ്.

ഹജ്ജ് ഉദ്ദേശിച്ച് കൊണ്ട് ഈ മീഖാത്തുകളിലൂടെ കടന്ന് പോകുന്ന എല്ലാ മുസ്ലിമിന്നും ഇവിടെ വെച്ച് ഇഹ്റാം ചെയ്യൽ നിർബ്ബന്ധമാണ്. ഹജ്ജിനുദ്ദേശിക്കുകയും മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കാതെ ബോധപൂർവ്വം അവിടം വിട്ട് കടക്കുകയും ചെയ്താൽ, അവിടേക്ക് തന്നെ തിരിച്ച് ചെന്ന് ഇഹ്റാം ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാത്ത പക്ഷം അവൻ ഒരു ഉരുവിനെ അറുക്കണം. അഥവാ മക്കയിൽ വെച്ച് ഒരു ആട്ടിനെ അറുത്ത് അവിടുത്തെ ദരിദ്രർക്ക് വിതരണം ചെയ്യണം. എന്നാൽ മറന്ന് കൊണ്ടോ, ഉറങ്ങിയോ മീഖാത്ത് വിട്ട് കടന്നാൽ അവന്ന് എപ്പോഴാണോ ഓർമ്മ വരുന്നത് അപ്പോൾ അതിലേക്ക് മടങ്ങി ഇഹ്റാം ചെയ്യേണ്ടതാണ്. ഇല്ലെങ്കിൽ നേരത്തെ വിവരിച്ചത് പ്രകാരം ബലി അറുക്കേണ്ടതുണ്ട്.

# മീഖാത്തിൽ വെച്ച് ഹാജിമാർ ചെയ്യേണ്ട കർമ്മങ്ങൾ:

മുസ്ലിം സഹോദരാ, കരമാർഗം വാഹനത്തിലൂടെയോ, മറ്റോ മീഖാത്തിൽ എത്തിയാൽ കുളിക്കുക, ശരീരം മുഴുവനും സുഗന്ധം പുശുക എന്നിവ സുന്നത്താകുന്നു. സാധിക്കുമെങ്കിൽ നഖം മുറിക്കലും സുന്നത്താണ്. തുടർന്ന് ഇഹ്റാമിൻെറ വസ്ത്രമായ (ഏറ്റവും ഉത്തമം) വെളുത്ത, ശുദ്ധിയുള്ള പുതിയ ഒരു തട്ടവും, തുണിയും ധരിക്കൽ നിർബ്ബന്ധമാകുന്നു,

ഇഹ്റാമിൻെറ വസ്ത്രത്തിൽ സുഗന്ധം പൂശുവാൻ പാടില്ല. ഇനി പൂശിയാൽ അത് കഴുകി കളയൽ നിർബ്ബന്ധമാണ്.

സ്ത്രീകൾക്ക് ഇഹ്റാമിന്ന് പ്രത്യേകം സുന്നത്താക്കിയ വസ്ത്രമില്ല, അവൾ ഉദ്ദേശിക്കുന്ന വസ്ത്രം ധരിക്കാവുന്നതാണ്. എന്നാൽ ശരീരം മുഴുവനും മറക്കുന്ന അയവുള്ള വസ്ത്രമാണ് ധരിക്കേണ്ടത്. അതോടൊപ്പം കുഴപ്പമുണ്ടാക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അകന്ന് നിൽക്കാനും പുരുഷന്മാരോടൊപ്പമാണ് സഞ്ചരിക്കുന്നതെങ്കിൽ സുഗന്ധം പൂശാതിരിക്കാനും അവൾ ശ്രദ്ധിക്കണം.

ഏതെങ്കിലും ഫർള് നമസ്കാരത്തിന് ശേഷം ഇഹ്റാം ചെയ്യുന്നത് സുന്നത്താകുന്നു, ഇനി ആ സമയത്ത് ഫർള് നമസ്കാരമില്ലെങ്കിൽ വുളുവിൻെറ ശേഷം ചെയ്യേണ്ട രണ്ട് റകഅത്ത് നമസ്കരിച്ച് ഇഹ്റാം ചെയ്യാവുന്നതാണ്. (ഇഹ്റാമിന്ന് പ്രത്യേകം സുന്നത്ത് നമസ്കാരമില്ല. വിവ:)

ഇതിൽ നിന്നെല്ലാം വിരമിച്ചു കഴിഞ്ഞാൽ ഉംറയുടെ നിയ്യത്ത് ചെയ്യുക.

മുതമത്തിഅ് ആണെങ്കിൽ "ലബ്ബൈക ഉംറതൻ" എന്നും, ഖാരിനാണെങ്കിൽ "ലബ്ബൈക ഉംറതൻ വ ഹജ്ജൻ" എന്നും, മുഫ്രിദാണെങ്കിൽ "ലബ്ബൈക ഹജ്ജൻ" എന്നുമാണ് നിയ്യത്ത് ചെയ്യേണ്ടത്. പിന്നീട് പ്രവാചകൻ(സ) പറഞ്ഞത് പോലെ തൽബിയത് ചൊല്ലാൻ തുടങ്ങുക.

(لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَـــرِيكَ لَـــكَ) رواه البخاري ومسلم

"ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വല മുൽക്, ലാ ശരീക ലക്"

അർത്ഥം: നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, അല്ലാഹുവെ നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു, നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു നിനക്ക് യാതൊരു പങ്കാളിയുമില്ല, നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു, തീർച്ചയായും സ്തുതിയും, അനുഗ്രഹവും, ആധിപത്യവും നിനക്കാകുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല." ബുഖാരി, മുസ്ലിം.

മുസ്ലിം സഹോദരാ, വ്യോമ മാർഗമോ, കടൽ മാർഗമോ ആണ് നിൻെറ യാത്ര എങ്കിൽ വിമാത്തിലേയും കപ്പലിലേയും ജീവനക്കാർ, മീഖാത്തിനോടടുക്കുമ്പോൾ ഇഹ്റാമിൽ പ്രവേശിക്കേണ്ടതിന് തയ്യാറാവാൻ വിളിച്ചറിയിക്കുന്നതാണ്. ആ സമയം ഉംറയുടെ നിയ്യത്ത് ചെയ്യാനും തൽബിയ്യത്ത് ചൊല്ലാനും നിനക്കു സാധിക്കുന്നതാണ്.

ഇങ്ങനെയുള്ള യാത്രയിൽ നിനക്ക് നിൻെറ വീട്ടിൽ നിന്ന് തന്നെ ഇഹ്റാമിൻെറ വസ്ത്രം

ധരിച്ച് പുറപ്പെടുന്നത് കൊണ്ട് കുഴപ്പമില്ല. അങ്ങിനെ വിമാനത്തിൽ വെച്ചോ, കപ്പലിൽ വെച്ചോ മീഖാത്തിൻെറ സ്ഥലമെത്തിയാൽ നിയ്യത്ത് ചെയ്താൽ മതിയാവുന്നതാണ്. തുടർന്ന് തുടരെ തൽബിയ്യത്ത് ചൊല്ലുക. ഹാജിമാർ തുടരെ തുടരെ ഉച്ചത്തിൽ തൽബിയ്യത്ത് ചൊല്ലേണ്ടതാണ്. എന്നാൽ സ്ത്രീകൾ തനിക്കും, തൻെറ അടുത്തിരിക്കുന്നവർക്കും കേൾക്കുന്ന രൂപത്തിൽ ശബ്ദം താഴ്തിയാണ് ചൊല്ലേണ്ടത്. ഉംറ നിർവ്വഹിക്കുന്നവൻ ത്വവാഫ് ചെയ്യുന്നത് വരെ തൽബിയ്യത്ത് തുടർന്ന് കൊണ്ടിരിക്കണം. ഹജ്ജ് ചെയ്യുന്നവരാണെങ്കിൽ അറവിൻെറ ദിവസം ജംറകളിൽ എറിയുന്നത് വരെ തുടർന്ന് കൊണ്ടിരിക്കണം.

# ഇഹ്റാമിൻെറ വിലക്കുകൾ:

നീ ഹജ്ജിൻെറയോ, ഉംറയടെയോ കർമ്മങ്ങളിൽ പ്രവേശിച്ചു കഴിഞ്ഞാൽ നിനക്ക് ചില കാര്യങ്ങൾ നിഷിദ്ധമാണ്. ഇഹ്റാമിൻെറ വിലക്കുകൾ എന്ന പേരിൽ അവ അറിയപ്പെടുന്നു. അത് താഴെ കൊടുക്കുന്നു.

**ഒന്ന്**: വടിച്ചോ മറ്റോ ശരീരത്തിൽ നിന്ന് മുടി നീക്കം ചെയ്യുക, കാലിൽ നിന്നോ, കൈകളിൽ നിന്നോ നഖം മുറിക്കുക. എന്നാൽ ഇഹ്റാം ചെയ്ത ഒരാൾക്ക് ആവശ്യമെങ്കിൽ കൈകൊണ്ട് തല ചൊറിയാവുന്നതാണ്. ബോധപൂർവ്വമല്ലാതെ അതുമൂഖേന മുടി കൊഴികയോ മറവിയാലോ, അറിവില്ലാ യ്മയാലോ മുടി നീക്കുകയോ ചെയ്താൽ അവൻെറമേൽ കുറ്റമില്ല.

**രണ്ട്**: ഇഹ്റാം ചെയ്തതിന് ശേഷം ശരീരത്തിലോ, ഇഹ്റാമിൻെറ വസ്ത്രത്തിലോ, മറ്റു വല്ലതിലുമോ സുഗന്ധം പൂശൽ. എന്നാൽ ഇഹ്റാം ചെയ്യുന്നതിന്ന് മുമ്പ് ശരീരത്തിലോ തലയിലോ പൂശിയ സുഗന്ധത്തിൻെറ പരിമളം ബാക്കിയുണ്ടെങ്കിൽ യാതൊരു കുഴപ്പവുമില്ല.

**മൂന്ന്**: മുഹ്രിം തൻെറ ഭാര്യയുമായി സംയോഗം ചെയ്യുവാൻ പാടില്ല. വികാരത്തോടെ അവളെ സ്പർശിക്കുവാനോ, ചുംബിക്കുവാനോ, നോക്കുവാനോ, പാടില്ല. അത്പോലെ മുഹ്രിമായിരിക്കേ വിവാഹം അന്വോഷിക്കുവാനോ, കല്യാണം കഴിക്കാനോ, മറ്റുള്ളവർക്ക് കല്യാണം കഴിച്ച് കൊടുക്കുവാനോ പാടില്ല.

**നാല്**: മുഹ്രിം കൈകളിൽ ധരിക്കുന്ന കയ്യുറ ധരിക്കുവാൻ പാടില്ല.

**അഞ്ച്**: കരയിൽ വേട്ടയാടുവാനോ, അവിടെയുള്ള മുയൽ, പ്രാവ് പോലെയുള്ളതിനെ കൊല്ലുവാനോ, ആട്ടിയോടിക്കുവാനോ, അങ്ങനെ ചെയ്യുന്നവർക്ക് സഹായം ചെയ്ത് കൊടുക്കുവാനോ പാടില്ല. എന്നാൽ ഹറമിനകത്തുവെച്ച് മുഹ്രിമിനും, മുഹ്രിമല്ലാത്തവർക്കും വേട്ടയാടലും, കൊലയും എപ്പോഴും നിഷിദ്ധമാകുന്നു.

**ആറ്**: ശരീരത്തിൻെറ ചില ഭാഗങ്ങളോ ശരീരം മുഴുവനുമോ മറക്കുന്ന സോക്സ്, പാൻറ്, തലപ്പാവ്, തൊപ്പി, ബനിയൻ, അടിവസ്ത്രം പോലെയുള്ള തുന്നിയ വസ്ത്രങ്ങൾ പുരുഷന്മാർക്ക് ധരിക്കൽ നി ഷിദ്ധമാണ്. എന്നാൽ വിമാനത്തിൽ വെച്ച് തുണി കിട്ടാത്തവന്ന് (ഉദാഹരണമായി തുണി കൂടെ കൊണ്ട് പോകുവാൻ മറന്നു) മറ്റു വസ്ത്രം കൊണ്ട് ഇഹ്റാം ചെയ്യാവുന്നതാണ്. ഇനി വസ്ത്രം കിട്ടിയില്ലെ ങ്കിൽ അവൻ നിക്കർ കൊണ്ട് ഇഹ്റാം ചെയ്യേണ്ടതാകുന്നു. അത്പോലെ തന്നെയാണ് ചെരിപ്പ് കിട്ടിയില്ലെങ്കിൽ ഷൂ ധരിക്കാവുന്നതാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അതിന് കുഴപ്പമില്ല.

ഒരു മുഹ്രിമിന് വാച്ച്, ചെരിപ്പ്, മോതിരം, കണ്ണട, ശ്രവണ സഹായി, ബെൽട്ട്, പേഴ്സ്, കടലാസുകൾ പോലെയു ള്ളത് വഹിക്കുന്നതിന് യാതൊരു കുഴപ്പവുമില്ല.

**ഏഴ്**: പുരുഷന്മാർ തൻെറ ഇഹ്റാമിൻെറ വസ്ത്രം കൊണ്ടോ, തലപ്പാവ് കൊണ്ടോ, തട്ടം കൊണ്ടോ തല മറക്കുവാൻ പാടില്ല.

എന്നാൽ വെയിലിൽ നിന്ന് തണൽ കൊള്ളുവാൻ വേണ്ടി കുടയുപയോഗിക്കുന്നതിനോ, കൂടാരത്തിൽ പ്രവേശിക്കുന്നതിനോ, വാഹനങ്ങളുടെ തട്ടുകൾക്ക് താഴെ നിൽക്കുന്നതിനോ യാതൊ

രു വിരോധവുമില്ല. അതുപോലെ തൻെറ സാധനങ്ങൾ തലയിൽ ചുമക്കുന്നതിന്നും കുഴപ്പമില്ല. ഇനി ഒരു മുഹ്രിം മറന്ന് കൊണ്ടോ, അറിവില്ലായ്മകൊണ്ടോ തലമറച്ചാൽ എപ്പോഴാണോ അത് മനസ്സിലായത് അപ്പോൾ തലയിൽ നിന്നത് മാറ്റുക. അത് കുറ്റമാവുകയില്ല.

എട്ട്: സ്ത്രീകൾക്ക് അവരുടെ കൈകളിൽ കയ്യുറ ധരിക്കുവാൻ പാടില്ല. അത് പോലെ ഇഹ്റാമിൽ പ്രവേശിച്ചാൽ കണ്ണുകളുടെ ഭാഗം മാത്രം ഒഴിവാക്കിയുള്ള മക്കന ഉപയോഗിച്ച് മുഖം മറക്കുവാനും പാടുള്ളതല്ല. എന്നാൽ പുരുഷന്മാർ മുമ്പിലൂടെ കടന്ന് പോകുമ്പോൾ മതമനുശാസിക്കുന്ന, തലവഴി മുഖത്തിലൂടെ താഴ്തിയിടാവുന്ന മക്കന കൊണ്ട് മുഖം മറക്കുകയാണ് വേണ്ടത്. അല്ലാത്തയവസരത്തിൽ മുഖം തുറന്നിടുകയും ചെയ്യുക.

ഹറമിൽ പെട്ട മരങ്ങളോ തനിയേ മുളച്ചുവന്ന ചെടികളോ മുറിക്കുന്നതും, നശിപ്പിക്കുന്നതും മുഹ്രിമിന്നും അല്ലാത്തവർക്കും നിഷിദ്ധമാണ്. ഹറമിൽ വീണ്പോയ സാധനങ്ങൾ അതിൻെറ ആളുക ൾക്ക് എത്തിച്ച് കൊടുക്കുവാനല്ലാതെ എടുക്കുവാൻ പാടില്ല.

ഒരു മുഹ്രിമിന് തൻെറ ഇഹ്റാമിൻെറ വസ്ത്രം മാറ്റുന്നതിനോ, കഴുകി വൃത്തിയാക്കുന്നതിനോ, തല കഴുകുന്നതിനോ യാതൊരു വിരോധവുമില്ല, അതെല്ലാം അനുവദനീയമാണ്. അപ്പോൾ ബോ ധപൂർവ്വമല്ലാതെ മുടി വീണാലും ശരി അവൻെറ മേൽ കുറ്റമൊന്നുമില്ല.

## ഹജ്ജും, ഉംറയും ചെയ്യുന്ന സഹോദരാ,

നിൻെറ കർമ്മങ്ങളിൽ പ്രവേശിച്ചാൽ പരിപൂർണമായും തെറ്റുകളിൽ നിന്ന് വിട്ട് നിൽക്കുക. തൽബിയ്യത്തും, പ്രാർത്ഥനകളും അധികരിപ്പിക്കുക. ചില ഹാജിമാർ ചെയ്യുന്നത് പോലെ - അല്ലാഹു അവരെ സന്മാർഗത്തിലാക്കട്ടെ - കുതർക്കങ്ങളിൽ ഏർപ്പെട്ട് കൊണ്ടോ, അത്പോലെ അനാവശ്യമായ സംസാരത്തിൽ മുഴുകിയോ, ഏഷണിയും, പരദൂഷണവും പറഞ്ഞ് കൊണ്ടോ നീ നിൻെറ ഹജ്ജും, ഉംറയും ബാത്വിലായി പോകുന്നതിനെ കരുതിയിരിക്കേണ്ടതുണ്ട്. അത്പോലെ നിൻെറ കണ്ണുകളെ താഴ്ത്തലും, അല്ലാഹു നിനക്ക് നിഷിദ്ധമാക്കിയിട്ടുള്ള കാര്യങ്ങൾ കേൾക്കുന്നതിൽ നിന്ന് പിൻതിരിയലും അനിവാര്യമാകുന്നു, നീ ശ്രദ്ധിക്കേണ്ടത് നിൻെറ ആരാധനയേയും, അല്ലാഹുവിനെയുമാണ്, ഖുർആൻ പാരായണത്തിലും, പ്രാർത്ഥനകളിലും, തൽബിയത്തിലുമാണ് നീ മുഴുകേണ്ടത്. അങ്ങിനെ നിൻെറ വഴികൾ മുഴുവൻ ആരാധനയും ദിക്റുകളുമായിത്തീരട്ടെ. എല്ലാ ഹാജിമാരിൽ നിന്നും അവരുടെ കർമ്മങ്ങൾ സ്വീകരിക്കുകയും ആവശ്യമായ സഹായങ്ങൾ അവർക്ക് നൽകുകയും ചെയ്യണേ എന്ന് അല്ലാഹുവിനോട് ഞങ്ങൾ പ്രാർത്ഥിക്കുകയാണ്.
സൽപ്രവർത്തനങ്ങൾ ചെയ്യാനുള്ള അനുഗ്രഹവും അവനോട് ചോദിക്കട്ടേ.

## മക്കയിലും, മസ്ജിദുൽ ഹറാമിലും പ്രവേശിക്കൽ:

മുസ്ലിം സഹോദരാ, പ്രവാചക തിരുമേനി മക്കയിൽ പ്രവേശിച്ചപ്പോൾ കുളിക്കുകയുണ്ടായി (ബുഖാരി, മുസ്ലിം) മക്കയിൽ പ്രവേശിച്ചാൽ കുളിക്കൽ സുന്നത്താണ്. മസ്ജിദുൽ ഹറാമിന് അടുത്തായി വുളുവെടുക്കുവാനും, കുളിക്കുവാനും ഒരുപാട് സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പരമകാരുണികനായ അല്ലാഹുവിൻെറ അഥിതികൾക്ക് സൗകര്യങ്ങൾ ഒരുക്കിയവരിൽ നിന്ന് അവനത് സൽകർമ്മമായി സ്വീകരിക്കുമാറാവട്ടെ,

ശേഷം, ഉംറ നിർവ്വഹിക്കുവാനായി, തൽബിയ്യത്ത് ചൊല്ലി കൊണ്ടു തന്നെ, കഅബയെ ലക്ഷ്യം വെച്ച് മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുക.
മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ വലത് കാൽ മുന്തിക്കൽ സുന്നത്താണ്. എന്നിട്ട് ഈ പ്രാർത്ഥന ചൊല്ലുക.

" بسم الله والصلاة والسلام على رسول الله ، اللهم افتح لي أبواب رحمتك أعوذ بالله العظيم ، ووجهه الكريم ، وسلطانه القديم ، من الشيطان الرجيم "

അർത്ഥം:(അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതൻെറ മേൽ രക്ഷയും സമാധാനവും ഉണ്ടാവട്ടെ, അല്ലാഹുവെ, നിൻെറ അനുഗ്രഹത്തിൻെറ കവാടങ്ങൾ എനിക്കു നീ തുറന്ന് തരേണമേ, മഹാനായ അല്ലാഹുവിനെ കൊണ്ടും അവൻെറ ഉദാരപ്രഭാവം കൊണ്ടും അനാദിയായ അവൻെറ ആധിപത്യം കൊണ്ടും ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ രക്ഷ തേടുന്നു) ( ആദ്യ ഭാഗം ഇബ്നു സുന്നി ഉദ്ദരിച്ചതും, അൽബാനി സ്വഹീഹാക്കിയതും, പിന്നീടുള്ളത് മുസ്ലിം ഉദ്ദരിച്ചതും, അവസാനഭാഗം ഉദ്ദരിച്ചത് അബൂദാവൂദും, അൽബാനി സ്വഹീഹുമാക്കിയിട്ടുമുണ്ട്) ഈ പ്രാർത്ഥന എല്ലാ പള്ളികളിലും പ്രവേശിക്കുമ്പോഴും ചൊല്ലൽ സുന്നത്താകുന്നു.

പിന്നീട് ഉംറയുടെ ത്വവാഫ് ചെയ്യുവാൻ വേണ്ടി കഅ്ബക്കരികിലേക്ക് ചെല്ലുക. ത്വവാഫി ന്ന് ശുദ്ധി നിർബ്ബന്ധമാണ്. പുരുഷന്മാർക്ക് ഈ ത്വവാഫിൽ ആദ്യം മുതൽ അവസാനം വരെ ഇള്ത്തിബാഅ് ചെയ്യൽ സുന്നത്താകുന്നു. ഇള്ത്തിബാഅ് എന്ന് പറഞ്ഞാൽ: ഇഹ്റാമിൽ പുതക്കാനു പയോഗിച്ച വസ്ത്രം, വലത് കക്ഷത്തിനടിയിലൂടെ എടുത്ത് ഇടതുതോൾ മറയും വിധം ധരിക്കുന്നതാണ് ഇള്ത്തിബാഅ്. (പൂണൂൽ ധരിക്കുന്നത് പോലെ) ത്വവാഫ് ആരംഭിക്കുമ്പോൾ തൽബിയ്യത്ത് നിറുത്തുക.

# ഉംറയുടെ ത്വവാഫ്:

ഹജറുൽ അസ്‌വദിൻെറ അടുത്ത് ചെന്ന് ചുംബിക്കുകയോ, കൈകൊണ്ട് തൊട്ട് മുത്തു കയോ ചെയ്ത് കൊണ്ടാണ് ത്വവാഫ് ആരംഭിക്കേണ്ടത്. ഇനി കൈകൊണ്ട് തൊട്ട് മുത്തുവാൻ സാധിച്ചില്ലായെങ്കിൽ ഹജറുൽ അസ്‌വദിൻെറയടുത്ത് വന്ന് അതിൻെറ നേർക്ക് തിരിഞ്ഞ് വലത് കൈ കൊണ്ട് അതിലേക്ക് ആംഗ്യം കാണിക്കുക, ആംഗ്യം കാണിച്ച കൈ ചുംബിക്കുവാൻ പാടില്ല, എന്നിട്ട് الله أكبر (ബുഖാരി) (അല്ലാഹു അക്ബർ) എന്ന് പറയുക. ഇനി بسم الله، الله أكبر (ബൈഹഖി, ഇബ്നു ഹജർ ഇതിൻെറ സനദ് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്) (ബിസ്മില്ലാഹി അല്ലാഹു അക്ബർ) എന്ന് പറഞ്ഞാൽ കൂടുതൽ നല്ലതാണ്. ത്വവാഫിൻെറ ആരംഭത്തിൽ ഇങ്ങനെ പറയൽ സുന്നത്താകുന്നു:

" اللهم إيماناً بك ، وتصديقاً بكتابك ، ووفاءً بعهدك ، واتباعاً لسنة نبيك محمد ρ

അർത്ഥം: (അല്ലാഹുവെ, നിന്നിൽ വിശ്വസിച്ച് കൊണ്ടും നീ അവതരിപ്പിച്ച ഗ്രന്ഥം (ഖുർആൻ) സത്യമാണെന്ന് അംഗീകരിച്ച് കൊണ്ടും നിന്നോടുള്ള കരാർ പൂർത്തീകരിച്ച് കൊണ്ടും നിൻെറ ദൂതൻ മുഹമ്മദ്(ﷺ)യെ പിൻപറ്റികൊണ്ടുമാണ് ഞാൻ ഇത് ചെയ്യുന്നത്)

ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രൂപത്തിലുള്ള തിക്കും, തിരക്കും, ചീത്തപറയലും, കലഹവും ഒന്നും ഇല്ലാത്ത രൂപത്തിലാണ് ത്വവാഫ് ചെയ്യേണ്ടത്, കാരണം അതെല്ലാം തെറ്റും ആരാധനയുടെ മഹത്വം ഇല്ലാതാക്കുന്നതുമാണ്.

തുടർന്ന് ഹജറുൽ അസ്‌വദ് നിൻെറ ഇടത് വശത്താക്കി ഏഴ് ത്വവാഫ് ചെയ്യുക. അല്ലാഹുവിനെ ഓർത്ത് കൊണ്ടും,

പാപമോചനം തേടികൊണ്ടും, ആവശ്യമുള്ള പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ടും, അല്ലെങ്കിൽ ഖുർആൻ പാരായണം ചെയ്ത് കൊണ്ടുമാണ് ത്വവാഫ് ചെയ്യേണ്ടത്. ചിലയാളുകൾ ചെയ്യുന്നത് പോലെ ത്വവാഫ് ചെയ്യുന്ന മറ്റു സഹോദരന്മാർക്ക് ശല്യം ഉണ്ടാക്കുന്ന രൂപത്തിൽ പ്രത്യേക പ്രാർത്ഥനകൾ ഉച്ചത്തിൽ ഉരുവിടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

റുകുനുൽ യമാനിയുടെ അടുത്ത് എത്തിയാൽ സാധിക്കുമെങ്കിൽ വലത് കൈ കൊണ്ട് തൊടുക. എന്നാൽ അതിനെ ചുംബിക്കുകയോ, ചിലയാളുകൾ ചെയ്യുന്നത് പോലെ ശരീരം തട വുകയോ ചെയ്യേണ്ടതില്ല. കാരണം അതൊന്നും തന്നെ നബി(സ)യിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ല. നിൻെറ ത്വവാഫിൻെറ എല്ലാ ചുറ്റലിലും ഇപ്രകാരം ചെയ്യുക. അതിനെ തൊടുവാൻ പ്രയാസമാ ണെങ്കിൽ അവൻ തൻെറ ത്വവാഫ് തുടരുക, അതിലേക്ക് ആംഗ്യം കാണിക്കുകയോ, തക്ബീർ ചൊല്ലുകയോ ചെയ്യേണ്ടതില്ല.

റുക്നുൽ യമാനിയുടെയും, ഹജറുൽ അസ്‌വദിൻെറയും ഇടയിൽ എല്ലാചുറ്റലിലും ഈ പ്രാർത്ഥന ചൊല്ലൽ സുന്നത്താണ്.

{ربنا آتنا في الدنيا حسنة، وفي الآخرة حسنة، وقنا عذاب النار}

"റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ, വഫിൽ ആഖിറതി ഹസനതൻ വഖിനാ ഹദാബിന്നാർ"
അർത്ഥം: "അല്ലാഹുവെ ഇഹലോകത്ത് ഞങ്ങൾക്ക് നീ നന്മ നൽകേണമേ, പരലോകത്തും ഞങ്ങൾ ക്ക് നീ നന്മ നൽകേണമേ, നരകത്തിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തേണമേ" (അഹ്മദ്, അബൂദാ വൂദ്, ഇബ്നു ഖുസൈമ എന്നിവർ ഉദ്ദരി ച്ചതും, അൽബാനി സ്വഹീഹാക്കിയതുമാണ് ഈ ഹദീസ്)

ഇപ്രകാരമാണ് ഏഴ് ത്വവാഫിലും ചെയ്യേണ്ടത്. ഹജറുൽ അസ്‌വദിൽ നിന്ന് തുടങ്ങി ഹജറുൽ അസ്‌വദിൽ തന്നെ അവസാനിക്കുന്നതാണ് ഓരോ ത്വവാഫും. ഓരോ ചുറ്റലിലും ഹജറുൽ അസ്‌വദി നെ ചുംബിക്കലോ, കൈകൊണ്ട് തൊട്ട് മുത്തലോ, അതല്ലെങ്കിൽ അതിലേക്ക് "അല്ലാഹു

അക്ബർ" എന്ന് പറഞ്ഞ് ആംഗ്യം കാണിക്കലോ സുന്നത്താകുന്നു,

ത്വവാഫുൽ ഖുദൂമിന് ആദ്യത്തെ മൂന്ന് ചുറ്റലിൽ കാലുകൾ അടുത്തടുത്ത് വെച്ച് വേഗതയിൽ നടക്കുന്നത് സുന്നത്താകുന്നു, ഈ നടത്തത്തിന് റംല് എന്ന് പറയുന്നു. റംല് ചെയ്യാൻ സാധിച്ചില്ലായെങ്കിൽ കുഴപ്പമില്ല, കാരണം റംല് വാജിബല്ല, സുന്നത്താകുന്നു.

സഹോദരാ, ത്വവാഫിൽ നിന്ന് വിരമിച്ചാൽ ഉടനെ വലത് കക്ഷം ഇഹ്റാമിൻെറ വസ്ത്രം കൊണ്ട് മറക്കുവാൻ ശ്രദ്ധിക്കുക. നിനക്ക് സാധിക്കുമെങ്കിൽ 'മഖാമു ഇബ്രാഹീമി'ൻെറ പിന്നിൽ നിന്ന് ലഘുവായ രണ്ട് റകഅത്ത് നമസ്കരിക്കുക. തിരക്ക് കാരണത്താൽ അവിടെനിന്ന് നമസ്കരിക്കുവാൻ സാധിച്ചില്ലെങ്കിൽ മസ്ജിദുൽ ഹറാമിൽ എവിടെ വെച്ച് നമസ്കരിച്ചാലും മതിയാവുന്നതാണ്, ഫാതിഹക്ക് ശേഷം ആദ്യത്തെ റകഅത്തിൽ 'ഖുൽയാ അയ്യുഅൽ കാഫിറൂനും' രണ്ടാമത്തെ റകഅത്തിൽ 'ഖുൽ ഹുവല്ലാഹു അഹദും' ഓതൽ നല്ലതാകുന്നു. (മുസ്ലിം) ഇനി ഈ രണ്ട് സൂറത്തല്ലാത്ത ഏത് സൂറത്ത് ഓതിയാലും യാതൊരു കുഴപ്പവുമില്ല.

പ്രവാചകൻ തൻെറ ത്വവാഫിൽ നിന്ന് വിരമിച്ചപ്പോൾ സംസമിൻെറയടുത്ത് പോയി അതിൽ നിന്ന് കുടിക്കുകയുണ്ടായി എന്ന് അഹ്മദ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ത്വവാഫിൽ നിന്ന് വിരമിച്ചാൽ അവിടെപോയി സംസം കുടിക്കുക. അതല്ലെങ്കിൽ സംസം നിറച്ച് വെച്ചിട്ടുള്ള പാത്രത്തിൽ നിന്നും കുടിക്കാവുന്നതാണ്.

അതിന് ശേഷം കഴിയുമെങ്കിൽ ഹജറുൽ അസ്‌വദ് പോയി മുത്തൽ സുന്നത്താകുന്നു, (മുസ്ലിം) സാധ്യമല്ലെങ്കിൽ ഉപേക്ഷിക്കുക. പ്രത്യേകിച്ച് തിരക്കുള്ള അവസരത്തിൽ.

# ത്വവാഫിനിടയിൽ ഹാജിമാർക്ക് സംഭവിക്കാവുന്ന തെറ്റുകൾ:

കഅബക്ക് ചുറ്റും ത്വവാഫ് ചെയ്യുന്നവരിൽ വന്ന് പോകുന്ന ചില തെറ്റുകൾ സൂക്ഷ്മതക്ക് വേണ്ടി സൂചിപ്പിക്കുകയാണ്:

ചിലയാളുകൾ 'ഹിജ്റി' നുള്ളിലൂടെ ത്വവാഫ് ചെയ്യാറുണ്ട്. (ഹിജ്റ് എന്നാൽ ഹജറുൽ അസ്‌വദ് കഴിഞ്ഞ് അടുത്ത മൂലയോട് ചേർന്ന് കാണുന്ന അർദ്ധവൃത്താകൃതിയിലുള്ള മതിലിനകത്തെ സ്ഥലമാ കുന്നു) ഹിജ്റിന്നുള്ളിലൂടെ ത്വവാഫ് ചെയ്താൽ ആ ത്വവാഫ് ശരിയാവുകയില്ല.

ആരെങ്കിലും ഒരു ചുറ്റലോ അതിലധികമോ ഹിജ്റിന്നുള്ളിലൂടെ ചെയ്താൽ അവൻ അത് മടക്കി ചെയ്യേണ്ടതാണ്. കാരണം ഹിജ്റ് കഅബയിൽ പെട്ടതാണ്. ഒരു മുസ്ലിം കഅബക്ക് ചുറ്റുമാണ് ത്വവാഫ് ചെയ്യുവാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. കഅബക്കുള്ളിലൂടെയല്ല.

ചിലയാളുകൾ കഅബയുടെ എല്ലാ മൂലകളും, ചിലപ്പോൾ ചുമരുകളും തൊട്ടു മുത്തുകയും, തടവുകയും ചെയ്യുന്നു. അത്പോലെ, മഖാമു ഇബ്രാഹീമിനെ പോലും അങ്ങിനെ ചെയ്യറുണ്ട്. പ്രവാച കൻ(ﷺ) കഅബയിൽ നിന്ന് തൊട്ടുമുത്തിയിരുന്നത് ഹജറുൽ അസ്‌വദും, റുകുനുൽ യമാനിയും മാത്രമായിരുന്നു.

ത്വവാഫ് ചെയ്യുന്ന തൻെറ സഹോദരങ്ങൾക്ക് ശല്യം ഉണ്ടാക്കുന്ന രൂപത്തിൽ ചില ഹാജിമാർ വളരെ ശബ്ദത്തിൽ പ്രാർത്ഥനാ വാക്യങ്ങൾ ഉരുവിടാറുണ്ട്, ഹജറുൽ അസ്‌വദ് ചുംബിക്കുവാനും, മഖാമുഇബ്രാഹിമിൻെറ പിന്നിൽ നിന്ന് നമസ്കരിക്കുവാനും വേണ്ടി തിക്കും തിരക്കും കൂട്ടാറുണ്ട്, ഇതിന്വേണ്ടി സ്ത്രീ പുരുഷന്മാർ കൂടികലരുകയും കുഴപ്പവും, വഴക്കും, കലഹവും വരെ ഉണ്ടാക്കാറുണ്ട്. സ്ത്രീ പുരഷ സങ്കലനം, മുസ്ലീങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുക, യാതൊരു അവകാശവുമില്ലാതെ അവരെ വഴക്ക് പറയുക പ്രഹരിക്കുക തുടങ്ങിയവ അനുവദനീയമല്ല. ആയതിനാൽ നിന്നോട് മോശമായി പെരുമാറിയവർക്കും, നിന്നോട് തെറ്റ് ചെയ്തവർക്കും ഈ സ്ഥലത്ത് വെച്ച് നീ വിട്ട് വീഴ്ച നൽകുക.

ത്വവഫ് ചെയ്യുന്നവരിൽ ചിലയാളുകൾ ഓരോ ചുറ്റലിലും പ്രത്യേകം, പ്രത്യേകം പ്രാർത്ഥനകൾ കെട്ടിയുണ്ടാക്കിയ പുസ്തകങ്ങളിൽ നിന്നും ഉരുവിടാറുണ്ട്. ഇത് മതത്തിൽ യാതൊരു അടിസ്ഥാന വുമില്ലാത്ത പുതിയ ആചാരമാകുന്നു. ത്വവാഫിൽ, ഹജറുൽ അസ്‌വദിൻെറ അടുത്ത് വരുമ്പോൾ തക്ബീർ ചൊല്ലുക, റുകുനുൽ യമാനിൻെറയും, ഹജറുൽ അസ്‌വദിൻെറയും ഇടയിൽ വെച്ച്

{ربنا آتنا في الدنيا حسنة، وفي الآخرة حسنة، وقنا عذاب النار}

എന്ന പ്രാർത്ഥന ചൊല്ലുക, എന്നതല്ലാതെ വേറെ ഒരു പ്രാർത്ഥനയോ, ദിക്റുകളോ പ്രവാചകനിൽ നിന്ന് സ്ഥിരപ്പെട്ടു വന്നിട്ടില്ല.

ത്വവാഫിൻെറ ഒന്നാമത്തെ ചുറ്റലിലും, രണ്ടാമത്തെ ചുറ്റലിലും അങ്ങിനെ ഏഴ് ചുറ്റലുകളിലും പ്രത്യേകം പ്രത്യേകം പ്രാർത്ഥനകൾ ചൊല്ലാതിരിക്കുക എന്നതാണ് പ്രവാചക ചര്യ പിൻതുടരൽ. ഈ പുസ്തകത്തിൻെറ അവസാന ഭാഗത്തിൽ ഖുർആനിൽ നിന്നും, സുന്നത്തിൽ നിന്നുമുള്ള ഉപകാരപ്രദമാ യ പ്രാർത്ഥനകൾ നാം ഉൾകൊള്ളിച്ചിട്ടുണ്ട്. അത് പ്രാർത്ഥിക്കുക. എങ്കിൽ മറ്റു അടിസ്ഥാനമില്ലാത്ത പ്രാർത്ഥനകൾ ചെല്ലുന്നതിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്. ഇൻശാഅ് അല്ലാഹ്.

# ഉംറയുടെ സഅ്യ്:

പിന്നീട് സഫയും മർവ്വയുമുള്ള സഅ്യിൻെറ സ്ഥലത്തേക്ക് ചെല്ലുക. അല്ലാഹുവിൻെറ കൽപന പ്രകാരം ഇബ്രാഹിം നബി(സ) തൻെറ ഭാര്യയും, നമ്മുടെ ഉമ്മയുമായ ഹാജറാ ബീവിയെ ഉപേക്ഷിച്ച് പോയപ്പോൾ, ഹാജറാ ബീവി കയറിയ രണ്ട് മലകളാണ് സഫയും, മർവ്വയും. അവർക്കും, മകനായ ഇസ്മാഈലി(അ)നും അസഹ്യമായ ദാഹമുണ്ടായപ്പോൾ, തങ്ങൾക്ക് ജലം നൽകുവാൻ ആരെങ്കിലും ഉ ണ്ടോയെന്ന് അന്വേഷിച്ച് കൊണ്ട് സഫാ മലയുടെ മുകളിൽ കയറി നോക്കി. അവിടെ നിന്നും ഇറങ്ങി നടന്നു, കുറച്ച് കഴിഞ്ഞപ്പോൾ നടത്തത്തിന് അൽപം വേഗം കൂട്ടി. വീണ്ടും നടത്തം സാവധാന മാക്കി. അങ്ങിനെ മർവ്വയുടെ അടുത്തെത്തി ആ മലയിൽ കയറി കൊണ്ട് ജലം നൽകുവാൻ ആരെങ്കിലും അടുത്തുണ്ടോയെന്ന് അന്വേഷിച്ചു, അവസാനം അല്ലാഹു ഇസ്മാഈൽ നബി(അ)ൻെറ അരികിൽ നിന്ന് അനുഗ്രഹീതമായ നീരുറവ നൽകി കൊണ്ട് അവരെ ആ പ്രയാസത്തിൽ നിന്നും രക്ഷപ്പെടുത്തി.

## ഉംറ ചെയ്യുന്ന സഹോദരാ,

സഫായുടെ അടുത്തെത്തിയാൽ അതിൽ കയറുന്നതിന് മുമ്പ് ഈ ആയത്ത് ഓതുക.

{إن الصفا والمروة من شعائر الله، فمن حج البيت أو اعتمر فلا جناح عليه أن يطّوّف بهما. ومن تطوع خيراً فإن الله شاكرٌعليمٌ}

“ഇന്നസ്വഫ വൽ മർവത മിൻ ശആഇരി ല്ലാഹ്, ഫമൻ ഹജ്ജൽ ബൈത അവിഅ് തമറ ഫലാ ജുനാഅ അലൈഹി അൻ തവ്വഫ ബിഹിമാ, വമൻ തഥ വ്വഅ ഖൈ റൻ ഫഇന്നല്ലാഅ ശാകിറുൻ അലീം”

അർത്ഥം: (തീർച്ചയായും സഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅബാമ ന്ദിരത്തിൽ ചെന്ന് ഹജ്ജോ, ഉംറയോ നിർവ്വഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. ആരെങ്കിലും സൽകർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു) അൽബഖറ – 158.

സഫയിലും ആദ്യ ചുറ്റലിൻെറ ആരംഭത്തിലുമല്ലാതെ മറ്റൊരു സ്ഥലത്തും ഈ ആയത്ത് ഓതരുത്. എല്ലാ ചുറ്റലിലും ഈ ആയത്ത് ആവർത്തിക്കുകയും ചെയ്യരുത്. പിന്നീട് നീ സഫയിലേക്ക് കയറുക, അതിൻെറ ഉച്ചിയിലേക്ക് കയറണമെന്നില്ല, കുറച്ച് കയറിയാൽ മതിയാവുന്നതാണ്. പിന്നീട് കഅബയിലേക്ക് മുന്നിട്ട് മൂന്ന് പ്രാവശ്യം തക്ബീർ ചൊല്ലി ഈ പ്രാർത്ഥന ചൊല്ലുക.

(لا إله إلا الله، والله أكبر) (لا إله إلا الله، وحده لا شريك له، له الملك وله الحمد وهو على كل شـــيء قدير. لا إله إلا الله وحده، أنجز وعده، ونصر عبده، وهزم الأحزاب وحده)،

“ലാ ഇലാഹ ഇല്ലല്ലാഹ് വല്ലാഹു അക് ബർ, ലാ ഇലാഹ ഇല്ലല്ലാഹ്, വഹ്ദഉ ലാ ശരീക ലഹു, ലഹുൽ മുൽക് വലഹുൽ ഹംദ് വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. ലാഇലാഹ ഇല്ലല്ലാഹു വഅദഹു, അൻജസ വഹദഹു, നസ്വറ അബ്ദഹു, വഅസമ അൽ അഹ്സാബ വഹ്ദഹു”

അർത്ഥം: “അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരനുമില്ല രാജാധിപത്യവും,

സർവ്വസ്തുതിയും അവന്നുള്ളത് തന്നെ. അവൻ സർവ്വശക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തൻെറ വാഗ്ദത്തം അവൻ നിറവേറ്റി, തൻെറ അടിമയെ സഹായിച്ചു, ശത്രുസേനകളെ അവൻ ഒറ്റക്ക് പരാചയപ്പെടു ത്തി." (മുസ്ലിം)

ഇങ്ങനെ മൂന്ന് പ്രാവശ്യം പറയുക. മൂന്നിൽ കുറഞ്ഞാലും വിരോധമില്ല. ഇൻഷാഅ് അല്ലാഹ്. അതിന് ശേഷം ഇരുലോക വിജയത്തിന് വേണ്ടി ആവശ്യമുള്ളത്ര പ്രാർത്ഥിക്കുക. പ്രാർത്ഥക്കി ബോഴല്ലാതെ, മൂന്ന് പ്രാവശ്യം തക്ബീർ ചൊല്ലുമ്പോൾ കൈകൾ ഉയർത്തേണ്ട ആവശ്യമില്ല.

പിന്നീട് സഫയിൽ നിന്നിറങ്ങി മർവ്വയിലേക്ക് സാധാരണ രീതിയിൽ നടക്കുക. നിനക്കും, കുടുംബ ത്തിനും, സഹോദരങ്ങൾക്കും, മുസ്ലീങ്ങൾക്കും വേണ്ടി നിനക്കറിയാവുന്ന രീതിയിൽ പ്രാർത്ഥിക്കുകയും, ദിക്റുകൾ ചൊല്ലുകയും ചെയ്യുക. പച്ച നിറമുള്ള രണ്ട് അടയാളങ്ങൾക്കിടയിൽ കൂടുതൽ വേഗതയിൽ സാധിക്കുന്ന രൂപത്തിൽ നടക്കുക, ആ അടയാളം കഴിഞ്ഞാൽ സാധാരണ പോലെ മർവ്വയിലേക്കെ ത്തുന്നത് വരെ നടക്കുക. അങ്ങിനെ മർവ്വയിൽ എത്തി അതിൽ കയറിയാൽ ഖിബ്ലക്കഭിമുഖമായി നിന്ന് സ്വഫയിൽ പറഞ്ഞത് പോലെ ഇവിടെയും പറയുക.

(لا إله إلا الله، والله أكبر) (لا إله إلا الله، وحده لا شريك له، له الملك وله الحمد وهو على كل شـــيء قدير. لا إله إلا الله وحده، أنجز وعده، ونصر عبده، وهزم الأحزاب وحده)،

"ലാ ഇലാഹ ഇല്ലല്ലാഹ് വല്ലാഹു അക് ബർ, ലാ ഇലാഹ ഇല്ലല്ലാഹ്, വഹ്ദഉ ലാ ശരീക ലഹു, ലഹുൽ മുൽക് വലഹുൽ ഹംദ് വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. ലാഇലാഹ ഇല്ലല്ലാഹു വഅദഹു, അൻജസ വഹദഹു, നസ്വറ അബ്ദഹു, വഅ്സമ അൽ അഹ്സാബ വഹ്ദഹു"

അർത്ഥം: "അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരനുമില്ല രാജാധിപത്യവും, സർവ്വ സ്തുതിയും അവന്നുള്ളത് തന്നെ.

അവൻ സർവ്വശക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തൻെറ വാഗ്ദത്തം അവൻ നിറവേറ്റി. തൻെറ അടിമയെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാചയപ്പെടുത്തി." (മുസ്ലിം)

സാധിക്കുമെങ്കിൽ ഇത് മൂന്ന് പ്രാവശ്യം പറയുക.അങ്ങിനെ സഫാമർവ്വക്കിടയിലെ സഅ്യിൽ ഇരുലോക വിജയത്തിന് വേണ്ടി വേണ്ടത്ര പ്രാർത്ഥിച്ച് കൊണ്ടിരിക്കുക.

പിന്നീട് മർവ്വയിൽ നിന്നറങ്ങി പച്ച അടയാളം വരെ നടക്കുക. അവിടെനിന്ന് അടുത്ത അടയാളം വരെ നടത്തത്തിന് വേഗം കൂട്ടുക. അവിടെ നിന്നും സഫയിലേക്ക് കയറുന്നത് വരെ സാധാരണ പോലെ നടക്കുക.

സ്വഫയിൽ നിന്ന് തുടങ്ങി മർവ്വയിൽ അവസാനിക്കുന്ന വിധം ഏഴ് സഅ്യ് പൂർത്തീകരിക്കുക. അഥവാ സഫയിൽ നിന്ന് മർവ്വയിലെത്തിയാൽ സഅ്യിൻെറ ഒരു ചുറ്റൽ പൂർത്തിയായി, മർവ്വയിൽ നിന്ന് സ്വഫയിലേക്ക് മടങ്ങിയെത്തിയാൽ രണ്ടാമത്തെ ചുറ്റുമായി.

അല്ലയോ സഹോദരാ, സഅ്യിനിടയിൽ ക്ഷീണിച്ച് അവശനാവുകയാണെങ്കിൽ നിനക്ക് വിശ്രമിക്കാ വുന്നതാണ്, അതിന് യാതൊരുകുഴപ്പവുമില്ല. അത്പോലെ അതിന്ശേഷം നിനക്ക് വീൽചെയറിൽ സ അ്യ് പൂർത്തിയാക്കുന്നതിന്നും കുഴപ്പമില്ല.

സഅ്യിന്നിടയിൽ നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ നമസ്കരിക്കുക, നമസ്കാരത്തിന് ശേഷം സഅ്യ് അവസാനിപ്പിച്ചേടത്ത് നിന്ന് അരംഭിക്കുക.

ശുദ്ധിയോടുകൂടി സഅ്യ് ചെയ്യൽ സുന്നത്താണ്. ഇനി ഒരാൾ ശുദ്ധി ഇല്ലാതെ സഅ്യ് ചെയ്താൽ അവൻെറ സഅ്യും സ്വഹീഹാകുന്നു. ത്വവാഫിന് ശേഷം ഒരു സ്ത്രീ ആർത്തവക ാരിയോ പ്രസവരക്ത മുള്ളവളോ ആയ നിലയിൽ സഅ്യ് നടത്തിയാൽ അത് സാധുവാകുന്നതാണ്. കാരണം ശുദ്ധി സഅ്യ് ശരിയാവാനുള്ള നിബന്ധനയല്ല, മറിച്ച് സുന്നത്താണ്.

# ഉംറയുടെ അവസാന കർമ്മം:

മുസ്ലിം സഹോദരാ, സഫയിൽ തുടങ്ങി മർവ്വയിൽ അവസാനിപ്പിച്ച് ഏഴ് പ്രവാശ്യം സഅ്യ് പൂർത്തിയായാൽ മുതമത്തിഅ് ആയിട്ടാണ് നീ ഹജ്ജ് ചെയ്യുന്നതെങ്കിൽ, ഹജ്ജിൻെറ സമയം അടുത്തെ ത്തിയിട്ടുമില്ലെങ്കിൽ തല മുണ്ഡനം ചെയ്യാവന്നതാണ്. കാരണം ഹജ്ജിന് ഒരുപാട് ദിവസം ബാക്കിയുണ്ടെങ്കിൽ തലയിൽ മുടി വളരുവാൻ അവസരമുണ്ടാകും. എന്നാൽ ഹജ്ജിൻെറ ദിവസങ്ങൾ വളരെ അടുത്താണങ്കിൽ മുടി വെട്ടുകയാണ് വേണ്ടത്. മുടിവെട്ടുമ്പോൾ തലയിലെ

എല്ലാ മുടിയും വെട്ടൽ അനിവാര്യമാകുന്നു. ചിലയാളുകൾ ചെയ്യുന്നത് പോലെ തലയിൽ നിന്ന് അൽപം മുടി വെട്ടിയാൽ ശരിയാവുന്നതല്ല.

എന്നാൽ സ്ത്രീകൾ മുടി ഒരുമിച്ച് കൂട്ടി അറ്റത്തുനിന്ന് വിരൽ കൊടിയോളം വെട്ടുകയാണ് ചെയ്യേണ്ടത്.

സഹോദരാ, മുടി വടിക്കുകയോ, വെട്ടുകയോ ചെയ്യുന്നതോടെ, അല്ലാഹു കൽപിച്ച പ്രവാചകൻ ചെയ്ത രൂപത്തിലുള്ള നിൻെറ ഉംറ പൂർത്തിയായി. ഇഹ്റാമിൽ നിഷിദ്ധമായിരുന്ന എല്ലാ കാര്യങ്ങളും അതോടെ നിനക്ക് അനുവദനീയമായി. തുടർന്ന് സാധാരണ വസ്ത്രം ധരിക്കാവു ന്നതാണ്. സുഗന്ധം പൂശുക, ഭാര്യയുമായി സംയോഗത്തിലേർപ്പെടുക പോലെയുള്ള ഇഹ്റാമിൽ നിഷിദ്ധമായിരുന്ന കാര്യങ്ങളും നിനക്ക് അനുവദനീയമായിത്തീ രുന്നതാണ്.

അല്ലയോ ഹാജീ, നീ ഖാരിനായികോണ്ടോ, മുഫ്രിദായി കൊണ്ടോ ആണ് ഹജ്ജ് ചെയ്യുന്നത് എങ്കിൽ നീ മുടി വടിക്കുകയോ, വെട്ടുകയോ ചെയ്യരുത്. നീ ഹജ്ജിലെ അറവിൻെറ ദിവസത്തിലെ ഒന്നാമത്തെ തഹല്ലുൽ വരെ ഇഹ്റാമിൽ തന്നെ നിൽക്കുകയാണ് വേണ്ടത്.

# തർവ്വിയത്തിൻെറ ദിനത്തിലുള്ള (ദുൽ ഹിജജ: 8) കർമ്മങ്ങൾ:

ദുൽ ഹിജജ: (യൗമുത്തർവ്വിയ്യ:) എട്ടിന്, ഉംറയിൽ നിന്ന് തഹല്ലുലായ മുതമത്തിഅ് ആയി ഹജ്ജ് ചെയ്യുന്നവർക്ക് ളുഹാ സമയത്ത് അവരുടെ റൂമുകളിൽ നിന്ന് ഇഹ്റാം ചെയ്യൽ സുന്നത്താണ്. അത് പോലെ ഹജ്ജ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന മക്കക്കാരും അവരുടെ വീടുകളിൽ നിന്ന് ഇഹ്റാം ചെയ്യേണ്ടതാണ്.

എന്നാൽ ഇഹ്റാമിൽ നിന്ന് വിരമിക്കാത്ത ഖാരിനായും, മുഫ്രിദായും ഹജ്ജ് ചെയ്യുന്നവർ ഒന്നാമത്തെ ഇഹ്റാമിൽ തന്നെ നിൽക്കേണ്ടതാകുന്നു.

മുതമത്തിഅ് ആയി ഹജ്ജ് ചെയ്യുന്നവരും, അത്പോലെ ഹജ്ജ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന മറ്റുള്ളവരും, മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്യുന്നതിന്ന് മുമ്പ് ചെയ്തത്പോലെ കുളിക്കൽ, ശുദ്ധീകരി ക്കൽ സുഗന്ധം പൂശൽ പോലെയുള്ളത് ചെയ്യൽ സുന്നത്താണ്. പിന്നീട് ഹജ്ജിന് വേണ്ടി നിയ്യത്ത് ചെയ്യുകയും എന്നിട്ട് "ലബ്ബൈക ഹജ്ജൻ" എന്ന് പറയുകയും ചെയ്യുക. പിന്നീട് തൽബിയ്യത്ത് ചൊല്ലുക.

(لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ) رواه البخاري ومسلم

"ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വല മുൽക്, ലാ ശരീ കലക്.

അർത്ഥം:നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, അല്ലാഹുവെ നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു, നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു നിനക്ക് യാതൊരു പങ്കാളിയുമില്ല, നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു, തീർച്ചയായും സ്തുതിയും, അനുഗ്രഹവും, ആധിപത്യവും നിനക്കാകുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല."

തുടർന്ന് മുഫ്രിദായും, ഖാരിനായും, മുതമത്തിഅ്ആയും ഹജ്ജ് ചെയ്യുന്ന എല്ലാവരും അനുഗ്രഹീതമായ മിനായിലേക്ക് ഉച്ചക്ക് മുമ്പ് തിരിക്കേണ്ടതാണ്. അവിടെ വെച്ച് ളുഹറും, അസ്വറും അതാതിൻെറ സമയത്ത് ജംആക്കാതെ ഖസ്റാക്കി ഈ രണ്ട് റകഅത്തായി ചുരുക്കിയാണ് നമസ് കരിക്കേണ്ടത്. അത്പോലെ മഗ്രിബ് അതിൻെറ സമയത്ത് മൂന്ന് റകഅത്ത് നമസ്കരിക്കുക, ഇശാഅ് അതിൻെറ സമയത്ത് രണ്ട് റകഅത്തായും നമസ്കരിക്കുക. ദുൽഹിജജ: ഒൻപതിൻെറ സുബഹിയും രണ്ട് റകഅത്ത് നമസ്കരിക്കുക.

പ്രവാചക തിരുമേനി ചെയ്തത് പോലെ അറഫദിനത്തിൻെറ രാത്രി മിനയിൽ രാപാർക്കലാണ് സുന്നത്ത്. അങ്ങിനെ അവിടെ നിന്ന് നീ സുബഹി നമസ്കരിച്ചാൽ സൂര്യോദയം വരെ അവിടെ നിൽക്കുക, സൂര്യോദയത്തിന് ശേഷം മിനയിൽ നിന്ന് തൽബിയ്യത്തും, തക്ബീറും ചൊല്ലി കൊണ്ട് അറഫാത്തിലേക്ക് സഞ്ചരിക്കണം.

# അറഫാ ദിനത്തിലെ (ദുൽഹിജജ: 9) കർമ്മങ്ങൾ:

അറഫാദിനം വളരെയധികം അനുഗ്രഹീതമായ ദിവസമാണ്. നന്മയുടെ ആധികൃത്താൽ അല്ലാഹു ഖുർആനിൽ അതിനെ പിടിച്ച് സത്യം ചെയ്തിട്ടുണ്ട്. ഈ ദിനത്തിൽ ധാരാളം മലക്കുകളും, അല്ലാഹു വിൻെറ കാരുണ്യവും ഇറങ്ങുന്നതാണ്. അറഫാദിനത്തെ പോലെ മറ്റൊരു ദിനത്തിലും പിശാച് നിന്ദ്യനും നീചനുമായി കാണപ്പെടാറില്ല.

അറഫയിൽ എത്തിയാൽ സാധിക്കുമെങ്കിൽ പ്രവാചക തിരുമേനി ചെയ്തത് പോലെ ഉച്ചതിരിയുന്നത് വരെ 'നമിറ'യിൽ തങ്ങൽ സുന്നത്താണ്. ഇനി നമിറിയൽ തന്നെ ഇറങ്ങുവാൻ സാധിക്കാതെ വരികയാണെങ്കിൽ ബോർഡുകളും, അടയാളങ്ങളും കൊണ്ട് തിരിച്ച അറഫാത്തിൻെറ അതിർത്തിക്കുള്ളിൽ പ്രവേശിക്കുന്നതിന്നും കുഴപ്പമില്ല.

സൂര്യാസ്തമയം വരെ അറഫയിൽ കഴിച്ച്കൂട്ടുക. അവിടെയുള്ള സമയം മുഴുവനും തൽബിയ്യത്തിനും, പ്രാർത്ഥനക്കും, പശ്ചാത്താപത്തിനും, ദികിറിന്നും വേണ്ടി ചിലവഴിക്കേണ്ടതാണ്. ളുഹ്റിൻെറ സമയമായാൽ ഈ ദിവസത്തിലും, ഇതിനു ശേഷവും ഹാജിമാർ ചെയ്യേണ്ട കാര്യങ്ങളും മറ്റു ഇസ്ലാമിക വിധികളും, ഒരു മുസ്ലിം തൻെറ റബ്ബിനോടും, കുടുംബത്തോടും, മുസ്ലിം സഹോദരങ്ങളോടും ചെയ്യേണ്ട ബാധ്യതകളും ഖുതുബയിലൂടെ ഇമാം വിവരിച്ച് കൊടുക്കൽ പ്രവാചക ചര്യയിൽപെട്ടതാണ്.

ളുഹറിൻെറ സമയത്ത് ളുഹറും, അസറും ജംഉം ഖസ്റുമാക്കി നമസ്കരിക്കുക. ഈ നമസ്കാരങ്ങ ൾക്കിടയിലോ, മുമ്പോ, ശേഷമോ യാതൊന്നും നമസ്കരിക്കരുത്.

നമസ്കാരത്തിൽ നിന്ന് വിരമിച്ചതിന് ശേഷമുള്ള സമയങ്ങളിൽ ആരാധനകൾ ചെയ്യുവാൻ പരമാവധി ശ്രമിക്കുക, ഈ മഹത്തായ അസുലഭാവസരം നീ ഒരിക്കലും നഷ്ടപ്പെടുത്തരുത്. സൂര്യാസ് തമയം വരെ ദിക്റും, പ്രാർത്ഥനകളും, പശ്ചാതാപവും, തസ്ബീഹും, തഹ്മീദും, തക്ബീ റും, തഹ്ലീലും വർദ്ധിപ്പിക്കുന്നതിൽ നീ വ്യാപൃതനാവുക. പ്രാർത്ഥനയുടെ സമയങ്ങളിൽ ഖിബ്ലക്ക ഭിമുഖമായി നിൻെറ കൈകൾ ഉയർത്തുക, നിൻെറ രക്ഷിതാവും, സൃഷ്ടാവുമായവനിലേക്ക് നീ വളരെ താഴ്മയോടെ, വിനയത്തോടെ, കീഴൊതുങ്ങി കൊണ്ടായിരിക്കണം കൈകൾ ഉയർത്തേണ്ടത്. പ്രവാചക തിരുമേനിയുടെ വാക്കുകൾ നീ ശ്രദ്ധിക്കുക: (പ്രാർത്ഥനകളിൽ ഏറ്റവും ഉത്തമമായത് അറ ഫാദിനത്തി ലെ പ്രാർത്ഥനയാകുന്നു. ഞാനും എൻെറ മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞ ഏറ്റവും നല്ല വചനം

(لا إله إلا الله، وحده لا شريك له، له الملك وله الحمد وهو على كل شيء قدير)

അർത്ഥം: (അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാര നുമില്ല രാജാധിപത്യവും, സർവ്വസ്തുതിയും അവന്നുള്ളത് തന്നെ. അവൻ സർവ്വ ശക്തനാണ്). എന്ന വചനമാകുന്നു, അല്ലാഹുവിനോട് ഇരുലോകത്തും നന്മകൾ ചോദിക്കുന്നു.

ഈ അസുലഭമായ അവസരത്തിൽ നിൻെറ പ്രവർത്തനങ്ങൾ നിഷ്ഫലമായി പോകുന്നതിനെ തൊട്ട് നീ ബോധവാനായിരിക്കേണ്ടതുണ്ട്.

# അറഫാദിനം ഹാജിമാർക്ക് സംഭവിക്കാവുന്ന തെറ്റുകൾ:

സൂക്ഷ്മതക്ക് വേണ്ടി ചിലഹാജിമാരിൽ സംഭവിക്കാവുന്ന തെറ്റുകൾ സൂചിപ്പിക്കട്ടെ:

1- വളരെ വ്യക്തമായ ബോർഡുകൾ ഉണ്ടായിട്ടും, നിർദ്ദേശങ്ങളും, ഉപദേശങ്ങളും നൽകുവാൻ ആളുകൾ വളരെയധികം ശ്രമിച്ചിട്ടുപോലും ചില ഹാജിമാർ അറഫയുടെ പരിധിക്കപ്പുറമാണ് ഇറങ്ങാറുള്ളത്.

എന്നാൽ അറഫയിൽ നിന്ന് പെട്ടന്ന് പുറത്ത് കടക്കുവാൻ വേണ്ടി ധൃതികൂട്ടുന്നത് കൊണ്ട് മഹത്തായ ഒരു റുക്നാകുന്നു പാഴാക്കി കളയുന്നത്. പ്രവാചക തിരുമേനി(സ) പറയുകയുണ്ടായി: (ഹജ്ജ് അറഫ യാകുന്നു) അബൂദാവൂദ്, തിർമിദി.

2- ചിലയാളുകൾ മല കയറുകയും, അവയിലുള്ള കല്ലുകളിലും മറ്റും തൊട്ടു തടവുകയും, അതിന് ചില പ്രത്യേകതകളും, ശ്രേഷ്ടതകളുമുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഇതെല്ലാം നാം വെടിയേണ്ട ബിദ്അത്തുകളാണ്. ഹാജിക്ക് അനി വാര്യമായിട്ടുള്ളത് അറഫാ മൈതാനിയുടെ പരിധിക്കുള്ളിൽ എവിടെയെങ്കിലും ഇറങ്ങലാകുന്നു.

3- മഹത്തായ ഈ സ്ഥലത്ത് ചിലയാളുകൾ ദിക്റും, പ്രാർത്ഥനയും, ഇസ്തിഗ്ഫാറും ഉപേക്ഷിച്ച് കൊണ്ട് കളിയിലും, ചിരിയിലും, തമാശയിലും, അനാവശ്യ സംസാരത്തിലും മുഴുകാറുണ്ട് ഇതെല്ലാം

തന്നെ ഒരു ഹാജി പാടെ വെടിയേണ്ടതാണ്.
4- ചിലയാളുകൾ മലയിലേക്ക് തിരിഞ്ഞ് കൊണ്ട് ഖഅബയെ പിന്നിലോ, ഇടത്തോ വലത്തോ ആക്കികൊണ്ട് പ്രാർത്ഥിക്കാറുണ്ട്. എന്നാൽ സാധിക്കുമെങ്കിൽ പർവ്വതത്തെ നിനക്കും, ഖിബ്ല ക്കുമിടയിലാക്കലാണ് പ്രവാചകചര്യയിൽ പെട്ടത്. എന്നാൽ തിരക്ക് കാരണത്താൽ അങ്ങിനെ സാധിച്ചില്ലായെങ്കിൽ മല നിനക്ക് മുമ്പിൽ ഇല്ലായെങ്കിലും പ്രാർത്ഥനാവേളയിൽ ഖിബ്ലക്ക് മുന്നിട ലാണ് സുന്നത്ത്.
5- ചില ഹാജിമാർ സൂര്യാസ്തമയത്തിന്മുമ്പ് അറഫ വിടാറുണ്ട്, ഇത് അനുവദനീയമല്ല. പ്രവാചകനെ പിൻപറ്റി കൊണ്ട് ഹാജിമാർ ചെയ്യേണ്ടത് സൂര്യാസ്തമയത്തിന് മുമ്പ് അറഫാ മൈതാനം വിടാതിരിക്കലാണ്. കാരണം പ്രവാചക തിരുമേനി ഹജ്ജ് കർമ്മങ്ങൾ ചെയ്ത് കൊണ്ട് പറയുകയുണ്ടായി: (നിങ്ങൾ എന്നിൽ നിന്ന് നിങ്ങളുടെ ഹജ്ജിൻെറ കർമ്മങ്ങൾ സ്വീകരിക്കുക)
6- ചില ഹാജിമാർ പെട്ടെന്ന് മുസ്ദലിഫയിൽ എത്തുവാൻ വേണ്ടി വേഗതയിൽ സഞ്ചരിക്കുകയും, തൽബിയ്യത്തുകളെല്ലാം അവഗണിക്കുകയും, മനസ്സ് മുഴുവനും മുസ്ദലിഫയിൽ എത്തുകയെന്ന ല ക്ഷ്യമാക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഏറ്റവും നല്ലത് ഹാജിമാർ വളരെ ശാന്തമായി എന്നാൽ ഗാംഭീ ര്യതയോടെ പെട്ടെന്ന് നടക്കേണ്ട സ്ഥലത്തെത്തിയാൽ പെട്ടെന്ന് നടന്നും, തിരക്കുള്ള സ്ഥലത്ത് സാവകാശം കാണിച്ചും, തൽബിയ്യത്താകുന്ന ഹാജിയുടെ അടയാളം ഉയർത്തി പിടിക്കു കയുമാണ് ചെയ്യേണ്ടത്.

# മുസ്ദലിഫയിൽ രാപാർക്കൽ:

അനുഗ്രഹിതമായ അറഫാദിനം ഹാജിമാർ സൂര്യാസ്തമയത്തിന് ശേഷം സംഘമായി മുസ്ദലിഫയുടെ നേരെ തിരിക്കേണ്ടതാണ്. അങ്ങിനെ മുസ്ദലിഫയിൽ എത്തിയാൽ പെട്ടെന്ന് ചെയ്യേണ്ടത് മഗ്രിബും, ഇശാഉം ജംഉം ഖസ്വ്റുമായി നമസ്കരിക്കുകയാണ്. മഗ്രിബ് മൂന്ന് റകഅത്തും, ഇശാഅ് രണ്ട് റകഅത്തും നമസ്കരിക്കുക. ആ രാത്രി നീ മുസ്ദലിഫയിൽ രാപാർ ക്കുക. അറവിൻെറ ദിനം വളരെ ഉത്സാഹത്തോടെ ഹജ്ജ് കർമ്മങ്ങൾ ചെയ്യുവാൻ വേണ്ടി വളരെ നേരത്തെ ഉറങ്ങുവാൻ ശ്രമിക്കുക. പ്രഭാതമായാൽ സുബഹി വളരെ നേരത്തെ തന്നെ നമസ്കരിക്കുക. മുസ്ദലിഫയിലുള്ള മലയായ 'മശ്അറുൽ ഹറാ'മിൻെറയടുത്ത് നിന്ന് -ഇവിടെയി പ്പോൾ പള്ളി നിർമ്മിച്ചിട്ടുണ്ട്- അല്ലെങ്കിൽ മുസ്ദലിഫയുടെ എവിടെ നിന്നായിരുന്നാലും ശരി ഖിബ്ല ക്കഭിമുഖമായി നിന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുക. തക്ബീറും, തഹ്ലീലും, ചൊല്ലുക, കൈകൾ ഉയർത്തി പ്രാർത്ഥനകൾ അധികരിപ്പിക്കുക, അങ്ങിനെ നേരം നല്ലവണ്ണം വെളുക്കുന്നത് വരെ ഇങ്ങനെ തുടരുക.

നേരം നല്ലവണ്ണം വെളുത്ത് കഴിഞ്ഞാൽ സൂര്യൻ ഉദിക്കുന്നതിന്ന് മുമ്പ് സാധിക്കുമെങ്കിൽ മുസ്ദലിഫ യിൽ നിന്ന് മിനയിലേക്ക് തിരിക്കുക.

അറവ് ദിവസം ജംറത്തുൽ അഖബയിൽ എറിയുവാൻ വേണ്ടി ഇവിടെനിന്ന് ഏഴ് കല്ലുകൾ മാത്രം പെറുക്കൽ സുന്നത്താണ്. ബാക്കിയുള്ള കല്ലുകൾ മിനയിൽ നിന്ന് പെറുക്കാം, ഇതാണ് ഏറ്റവും ഉത്തമം. ഇനി എവിടെ നിന്ന് കല്ലുകൾ പെറുക്കിയാലും മതിയാവുന്നതാണ്. എന്നാൽ ചില ഹാജിമാർ വിചാരിക്കുന്നത് ജംറകളിൽ മുഴുവനും എറിയേണ്ട കല്ലുകൾ മുസ്ദലിഫയിൽ നിന്നാ ണ് പെറുക്കേണ്ടതെന്നാണ്. എന്നാൽ ഈ വിശ്വാസം ശരിയല്ല. മുസ്ദലിഫയിൽ നിന്ന് പെറുക്കാം, മിനയിൽ നിന്നും പെറുക്കാവുന്നതാണ്.

ഈ കല്ലുകൾ കടല മണിയേക്കാൾ അൽപം വലുതാവണം, ദീനിൽ അതിര് കവിയുന്നതും, വലിയ കല്ലുകൾ കൊണ്ട് എറിയുന്നതും പ്രവാചകതിരുമേനി(സ) വിലക്കിയിരിക്കുന്നു. (നസാഇ, ഇബ്നുമാജ, അഹ്മദ് - അൽബാനി സ്വഹീഹാക്കി യിട്ടുണ്ട്)

അങ്ങിനെ മുസ്ദലിഫയിൽനിന്ന് ഏഴ് കല്ലുകൾ പെറുക്കിയതിന് ശേഷം അല്ലാഹുവിൻെറ രക്ഷയോടെ മിനയിലേക്ക് നീങ്ങുക, നിൻെറ യാത്രയിൽ തൽബിയ്യത്ത് അധികരിപ്പിക്കുക. മിനയു ടെയും, മുസ്ദലിഫ യുടെയും ഇടയിലുള്ള 'വാദി മുഹസിറി'ൽ എത്തിയാൽ പ്രവാചകൻ ചെയ്തത് പോലെ ആരെയും ബുദ്ധിമുട്ടിപ്പിക്കാതെ അൽപം വേഗത്തിൽ നടക്കുക. (മുസ്ലിം)

സ്ത്രീകൾക്കും, ബലഹീനർക്കും., കുട്ടികൾക്കും മുസ്ദലിഫയിലെ രാത്രിയുടെ, അതായത്

പെരുന്നാൾ രാവിൻെറ അവസാന യാമത്തിൽ ഏകദേശം രാത്രിയുടെ നാലിലൊന്ന് ബാക്കിയുണ്ടാകുമ്പോൾ, ചന്ദ്രൻ അസ്തമിച്ചാൽ മിനയിലേക്ക് പുറപ്പെട്ട് സുബഹിക്ക് മുമ്പ് ജംറതുൽ അഖബയിൽ എറിയാൻ പ്രവാചക തിരുമേനി(സ) ഇളവനുവദിച്ചിരിക്കുന്നു. (ബുഖാരി, മുസ്ലിം ഉദ്ദരിച്ചത്, അവസാന ഭാഗം അ ബൂദാവൂദും, നസാഇയും റിപ്പോർട്ട് ചെയ്തത്).

ഈ ഇളവ് മേൽ സൂചിപ്പിക്കപ്പെട്ടവർക്ക് മാത്രമാണ്. എന്നാൽ പുരുഷന്മാർ പ്രവാചക ചര്യക്കൊത്ത് സൂര്യൻ ഉദിച്ചതിന് ശേഷമാണ് എറിയേണ്ടത്.

# അറവ് ദിനം (ദുൽഹിജജ:10) ഹാജിമാർ ചെയ്യേണ്ട കർമ്മങ്ങൾ:

എല്ലാ മുസ്ലീങ്ങൾക്കും അറവിൻെറ ദിനം പെരുന്നാൾ ദിവസമാണ്. അന്ന് വളരെയധികം സന്തോ ഷത്തിലും, ഉൽസാഹത്തിലുമായിരിക്കും അവർ. ഹജ്ജിൻെറ പ്രവർത്തനങ്ങളിൽ പെട്ട കല്ലേറ്, ബലിയറുക്കൽ, മുടി കളയൽ, കഅബയെ ത്വവാഫ് ചെയ്യൽ, സഫാ മർവ്വക്കിടയിൽ സഅ്യ് എന്നിവയുള്ളത് കൊണ്ട് ഈ ദിവസം ഹജ്ജുൽ അക്ബർ (വലിയ ഹജ്ജ്) ആണ്.
ബലിയറുക്കേണ്ട ദിനമായ യൗമുന്നഹ് റിലെ പ്രഭാതത്തിൽ മിനയിൽ എത്തിയാൽ നാല് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

<u>ഒന്ന്</u>: മക്കയോട് ഏറ്റവും കൂടുതൽ അടുത്തുള്ള ജംറയായ ജംറത്തുൽ കുബ്റയിൽ (ജംറത്തുൽ അഖബ) എറിയുക. ഇവിടെവെച്ച് തൽബിയ്യത്ത് നിറുത്തുക. മിന നിൻെറ വലത് വശത്താക്കി, ഖിബ്ല ഇടത് വശത്തുമാക്കി, ജംറതുൽ അഖബ മുന്നിലാക്കി തുടർച്ചയായി ഒന്നിന് പുറകെ മറ്റൊന്നായി ഏഴ് കല്ലുകൾ എറിയുക. എല്ലാ കല്ലിനോടൊപ്പവും തക്ബീർ ചൊല്ലുക.

ഈ എറിയൽ മാത്രമാണ് ളുഹാ സമയത്ത് എറിയേണ്ടത് ബാക്കിയുള്ള എല്ലാ എറിയലും ഉച്ച തിരിഞ്ഞതിന് ശേഷമാണ് എറിയേണ്ടത്.

ഏഴ് കല്ലിൽ കൂടുതലോ, കുറച്ചോ എറിയുവാൻ പാടില്ല. അതിര് കവിയുന്നതിനെ നീ കരുതിയിരി ക്കുക. ചില ഹാജിമാർ വലിയ കല്ലുകൾ കൊണ്ടും, ചെരുപ്പുകൾ കൊണ്ടും അത്പോ ലെയുള്ളത് കൊണ്ടും എറിയാറുണ്ട്. ഇത് പാടില്ല. ജംറകളിൽ എറിയുവാൻ വേണ്ടി സഹോദര ങ്ങളായ മുസ്ലീങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രൂപത്തിൽ അവിടെ തിക്കും തിരക്കും, കല ഹവും ഉണ്ടാക്കുവാൻ പാടില്ല. കാരണം അല്ലാഹു മുസ്ലിം സഹോദരങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു ആരാധനയും, അനുസരണ വും നിയമമാക്കിയിട്ടില്ല.

സഹോദരാ, ശ്രദ്ധിക്കുക, ചിലയാളുകൾ ഏഴ് കല്ലുകളും ഒന്നിച്ച് എറിയാറുണ്ട് ഇത് ഒരു കല്ലായി മാത്രമേ പരിഗണിക്കുകയുള്ളൂ. ആയതിനാൽ അങ്ങനെ ചെയ്യുന്നവർക്ക് തനിക്കു ചുറ്റുമുള്ള കല്ലുകൾ എടുത്ത് ബാക്കി എറിഞ്ഞ് പൂർത്തീകരി ക്കേണ്ടതുണ്ട്. അത്പൊലെ ഒരു കല്ല് നഷ്ടപ്പെ ടുകയോ, അല്ലെങ്കിൽ മുഴുവനും നഷ്ടപ്പെടുകയോ ചെയ്താൽ ജംറയുടെ വളരെ അടുത്തായി രുന്നാലും ശരി നിൻെറ അവിടെ നിന്നു തന്നെ അത്രയും എണ്ണം പെറുക്കി എറിയേണ്ടതാണ്.

സഹോദരാ, ചിലർ ജംറകളിൽ എറിയുമ്പോൾ താൻ പിശാചിനെയാണ് എറിയുന്നത് എന്ന് വിചാരിച്ച് ചീത്ത വാക്കുകളും, ആക്ഷേപവും, ചില അപശബ്ദങ്ങളും പുറപ്പെടുവിക്കറുണ്ട്. ഈ വിശ്വാസം നിരർത്ഥകമാണ്. നീ എറിയേണ്ടത് സാവധാനത്തോടെ, എന്നാൽ ഭക്തിയോടെ അല്ലാഹുവിനെ ഓർത്ത് കൊണ്ടും, പ്രാർത്ഥിച്ച് കൊണ്ടുമാണ്. കാരണം ജംറകളിൽ എറിയുവാൻ കൽപിച്ചിട്ടുള്ളത് അല്ലാഹുവി ലുള്ള സ്മരണ നിലനിറുത്തുവാൻ വേണ്ടിയാണ്.

കല്ലുകൾ ആ തടത്തിൽ വീഴുവാനുതകുന്ന രൂപത്തിൽ എറിയുന്നതിന് ഹാജി ശ്രദ്ധിച്ചിരിക്ക ണം. ചിലയാളുകൾ ജംറയിൽ കാണുന്ന സ്തൂപങ്ങളിൽ ഏറു തട്ടുവാൻ വേണ്ടി പാടുപെടാറുണ്ട്. എന്നാൽ ശറഇൽ നിയമമാക്കിയിട്ടുള്ളത് ആ തൂണുകളിൽ തട്ടിക്കുവാനല്ല മറിച്ച് ആ തടത്തിൽ വീഴ്തുവാ നാകുന്നു.

**<u>രണ്ട്</u>**: മുതമത്തിഅ് ആയോ, ഖാരിനായോ ആണ് ഹജ്ജ് ചെയ്യുന്നത് എങ്കിൽ കല്ലേറിന് ശേഷം ബലിയറുക്കുക. അതിൽ നിന്ന് അൽപം ഭക്ഷിക്കാവുന്നതാണ്. ബലിമൃഗത്തിൻെറ മാംസം സാധുക്ക ളെയും മറ്റും ഭക്ഷിപ്പിക്കുകയും ചെയ്യുക. മക്കയിൽ വെച്ചോ, മിനയിൽ വെച്ചോ അറുക്കാവു ന്നതാണ്. മിനായിലാണ് ഉത്തമം. മക്കയുടെ പരിധിക്കപ്പുറത്ത് വെച്ച് അറുക്കരുത്.

ബലിയറുത്ത് കഴിഞ്ഞാൽ മുടി കളയുകയോ, വെട്ടുകയോ ചെയ്യുക. പുരുഷന്മാർക്ക് കളയുന്നതാണ് ഉത്തമം. കാരണം തല മുണ്ഡനം ചെയ്തവർക്ക് വേണ്ടി പ്രവാചകൻ മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കു കയുണ്ടായി. പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "അല്ലാഹുവെ, തല മുണ്ഡനം ചെയ്തവർക്ക് നീ പൊറുത്ത് കൊടുക്കേണമേ, അല്ലാഹുവെ, തല മുണ്ഡനം ചെയ്ത വർക്ക് നീ പൊറുത്ത് കൊടുക്കേണമേ, അല്ലാഹുവെ, തല മുണ്ഡനം ചെയ്തവർക്ക് നീ പൊറുത്ത് കൊടുക്കേണമേ, പിന്നീട് മുടി വെട്ടിയവർക്ക് ഒരു പ്രാവശ്യം പ്രാർത്ഥിച്ചു) ബുഖാരി, മുസ്‌ലിം.

എന്നാൽ സ്ത്രീകൾ മുടികൾ ഒരുമിച്ച് കൂട്ടി അതിൻെറ അറ്റത്ത്നിന്ന് വിരൽ കൊടിയോളം വെട്ടുകയാണ് ചെയ്യേണ്ടത്.

<u>അല്ലയോ ഹാജീ</u>: ബലിദാന ദിനം (യൗമുന്നഹ്ർ)നി ജംറത്തുൽ അഖബയിൽ എറിഞ്ഞ്, മുടി വടിക്കുകയോ, വെട്ടുകയോ ചെയ്താൽ ഇഹ്റാമിൽ നിഷിദ്ധമായിരുന്ന എല്ലാം നിനക്ക് അനുവദനീയമായി; സ്ത്രീകളുമായുള്ള സംയോഗം ഒഴിച്ച്. ഇതിന്ന് ഒന്നാമത്തെ തഹല്ലുൽ എന്നാകുന്നു പേര് പറയുന്നത്.

ഇനി നിനക്ക് സുഗന്ധം പൂശുകയും, സാധാരണ ഉപയോഗിക്കുന്ന നല്ല വസ്ത്രവും ധരിക്കാവു ന്നതാണ്.

<u>നാല്</u>: ജംറത്തുൽ അഖബയിലുള്ള ഏറിൽ നിന്നും, ബലിയറുക്കലിൽ നിന്നും, മുടി കളയുന്നതിൽ നിന്നും വിരമിച്ചാൽ ത്വവാഫുൽ ഇഫാള (സന്ദർശന ത്വവാഫ്) ചെയ്യുവാൻ വേണ്ടി മക്കയിലേക്ക് തിരിക്കുക. ഈ ത്വവാഫ് ചെയ്യേണ്ടത് നാം നേരത്തെ വിവരിച്ച ഉംറയുടെ ത്വവാഫ് - ത്വവാഫുൽ ഖുദൂം - ചെയ്ത അതെ രൂപത്തിൽ തന്നെയാണ്. എന്നാൽ ഈ ത്വവാഫിൽ റംലും, ഇള്തിബാഉം ഇല്ല. ശുദ്ധിയുള്ളവനായി സാധാരണ വസ്ത്രം ധരിച്ച് കൊണ്ട്തന്നെ ത്വവാഫ് ചെയ്യാവുന്നതാണ്. അങ്ങിനെ ത്വവാഫിൽ നിന്ന് വിരമിച്ചാൽ മഖാമു ഇബ്രാഹീമിൻെറ പിന്നിൽ നിന്ന് രണ്ട് റകഅത്ത് നമസ്കരിക്കുക. ഹജ്ജിൻെറ വേളയിൽ തിരക്ക് അനുഭവപ്പെടുന്നത് കാരണത്താൽ ത്വവാഫ് ചെയ്യുന്നവരെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കുവാനും, അവർ നിന്നെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കു വാനും അൽപം പിന്നിൽ മാറി നമസ്കരിക്കുകയാണ് നല്ലത്. പിന്നീട് മുമ്പ് പറഞ്ഞത് പോലെ സംസം വെള്ളം കുടിക്കുക. ഇതിന് ശേഷം നാം മുകളിൽ ഉംറയുടെ സഅ്യ് വിവരിച്ചത് പ്രകാരം സഫാ മർവ്വയി ലേക്ക് സഅ്യ് ചെയ്യുവാൻ വേണ്ടി പുറപ്പെടുക. ഈ സഅ്യ് മുതമത്തിഅ് ആയി ഹജ്ജ് ചെയ്യുന്ന വർക്ക് നിർബ്ബന്ധമാകുന്നു. കാരണം ആദ്യം മുതമത്തിഅ് ചെയ്ത സഅ്യ് ഉംറയുടെ സഅ്യാണ്. എന്നാൽ ഈ സഅ്യ് ഹജ്ജിൻെറ സഅ്യുമാകുന്നു.

എന്നാൽ ഖാരിനായും, മുഫ്രിദുമായി ഹജ്ജ് ചെയ്യുന്നവർക്ക് ഒരു സഅ്യ് മാത്രമേ ചെയ്യേണ്ട തൊള്ളൂ. ത്വവാഫുൽ ഖുദൂമിൻെറ കൂടെ സഅ്യ് ചെയ്തിട്ടുണ്ടെങ്കിൽ ആ സഅ്യ് ത്വവാഫുൽ ഇഫാളക്ക് ശേഷമുള്ള സഅ്യായി പരിഗണിക്കും. എന്നാൽ ഖാരിനായും, മുഫ്രിദുമായി ഹജ്ജ് ചെയ്യുന്നവൻ ത്വവാഫുൽ ഖുദൂമിൻെറ കൂടെ സഅ്യ് ചെയ്തിട്ടില്ലെങ്കിൽ അവർക്ക് ത്വവാഫുൽ ഇഫാളയുടെ കൂടെ സാഅ്യ് നിർബ്ബന്ധമാകുന്നു.

ത്വവാഫുൽ ഇഫാള ഒരു ദിവസമോ, രണ്ട് ദിവസമോ പിന്തിപ്പിക്കാവുന്നതാണ്. അല്ലെങ്കിൽ ഹജ്ജി ൻെറ കർമ്മങ്ങളിൽ നിന്നെല്ലാം വിരമിച്ച് നീ തിരിച്ച് പോകുവാൻ ഉദ്ദേശിക്കുമ്പോൾ ചെയ്യേണ്ട വിട വാങ്ങൽ ത്വവാഫിൻെറ കൂടെയും ചെയ്യാവുന്നതാണ്. അപ്പോൾ നിനക്ക് രണ്ടിനും കൂടി ഒരു ത്വവാഫ് മതിയാവുന്നതാണ്.

<u>അല്ലയോ ഹാജീ</u>: ജംറത്തുൽ അഖബയിൽ എറിയുക, മുടി കളയുകയോ, വെട്ടുകയോ ചെയ്യുക, ത്വവാഫുൽ ഇഫാള നിർവ്വഹിക്കുക, സഅ്യ് നിർബ്ബന്ധമുള്ളവനാണെങ്കിൽ അതും ചെയ്യുക, തുടങ്ങി യവ പൂർത്തിയായാൽ ഇഹ്റാമിൽ നിഷിദ്ധമായിരുന്ന എല്ലാ കാര്യങ്ങളും നിനക്ക് അനുവദനീയമായി. ഭാര്യയുമായുള്ള സം യോഗംപോലും. ഈ തഹല്ലുലിന് രണ്ടാമത്തെ തഹല്ലുൽ എന്ന് പറയുന്നു.

<u>അല്ലയോ ഹാജീ</u>: മേൽ വിവരിച്ചത് പോലെ ഈ നാല് കാര്യങ്ങളും തർതീബായി (ഒന്നിന് പുറകെ ഒന്നായി) ചെയ്യലാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. അഥവാ, ആദ്യം ജംറത്തുൽ അഖബയിൽ എറിയുക, പിന്നീട് ബലിയറുക്കുക, തുടർന്ന് മുടി കളയുകയോ, വെട്ടുകയോ ചെയ്യുക, ശേഷം ത്വവാഫുൽ ഇഫാളയും മുതമത്തിഅ് ആയി ഹജ്ജ് ചെയ്യുന്നവനാണെങ്കിലും, ഖാരിനായോ,

മുഫ്രിദാ യോ ഹജ്ജ് ചെയ്യുന്നവർ ത്വവാഫുൽ ഖുദൂമിൻെറ കൂടെ സഅ്യ് ചെയ്തിട്ടില്ലെങ്കിലും ത്വവാഫുൽ ഇഫാളയുടെ കൂടെയുള്ള സഅ്യ് ചെയ്യുക.
ഇപ്രകാരമാണ് പ്രവാചകൻ(സ) വിടവാങ്ങൽ ഹജ്ജ് ചെയ്തപ്പോൾ ചെയ്തത്.

എന്നാൽ മേൽ വിവരിച്ച നാല് കാര്യങ്ങൾ ചിലത് മറ്റു ചിലതിനെക്കാൾ മുന്തിപ്പിച്ചാൽ കുഴപ്പമില്ല. നിൻെറ ഹജ്ജ് സ്വീകാര്യമായിരിക്കും إن شاء الله കാരണം പ്രവാചകനോട് ചില സ്വഹാബാക്കൾ ഒരുപാട് ചോദ്യം ബലിദാന ദിനത്തിൽ ചോദിക്കുകയുണ്ടായി: ചിലർ ചോദിച്ചു ഞാൻ അറുക്കുന്നതിന്ന് മുമ്പ് മുടികളഞ്ഞു, ചിലർ പറഞ്ഞു: ഞാൻ എറിയുന്നതിന്ന് മുമ്പ് ത്വവാഫ് ചെയ്തു, അപ്പോഴൊക്കെ പ്രവാചകൻ(സ) മറുപടി പറഞ്ഞത് “നീ ചെയ്യുക, യാതൊരു കുഴപ്പവുമില്ലെന്നാണ്” ഇത് അല്ലാഹു അവൻെറ അടിമകൾക്ക് നൽകിയിട്ടുള്ള കാരുണ്യവും.

# അയ്യാമുത്തഷ്രീഖിൽ ഹാജിമാർ ചെയ്യേണ്ട കർമ്മങ്ങൾ:

അനുഗ്രഹവും, അനുകമ്പയും എളുപ്പവുമാകുന്നു. വളരെ ലളിതമായി മത നിയമങ്ങൾ നൽകിയ അല്ലാഹുവെ നിനക്കാകുന്നു സർവ്വ സ്തുതിയും.

<u>അല്ലയോ ഹാജീ:</u>

അയ്യാമുത്തഷ്രീഖ് എന്ന് പറഞ്ഞാൽ ദുൽ ഹിജ്ജ: പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ ദിവസങ്ങളാണ്. ഈ ദിവസങ്ങൾ തിന്നാനും കുടിക്കാനുമുള്ളതാണ്. ഇവ അല്ലാഹുവിനെ ഓർക്കലിൻെറയും ദിനങ്ങളാകുന്നു, ബലിമൃഗം അറുക്കുവാൻ കഴിയാത്തവർ ഒഴിച്ച് മറ്റുള്ളവർക്ക് ഈ ദിനങ്ങളിൽ നോമ്പനുഷ്ടിക്കൽ നിഷിദ്ധമാകുന്നു, ഈ ദിവസങ്ങളിൽ അനിവാര്യമായ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

<u>ഒന്ന്:</u> മൂന്ന് ദിവസം മിനയിൽ രാപാർക്കുക. നേരത്തെ പോകുവാൻ ധൃതിയുള്ളവനാണെങ്കിൽ രണ്ട് ദിവസം രാപാർക്കുക. മിനയിൽ രാപാർക്കുകയെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ആ രാവുകളിൽ അധികസമയവും അവിടെ തന്നെ കഴിച്ച് കൂട്ടുകയെന്നതാണ്. അത് രാത്രിയുടെ ആദ്യഭാഗത്താകട്ടെ. അന്ത്യ സമയത്താവട്ടെ, പക്ഷേ, ഏറ്റും ഉത്തമമായത് രാത്രി മുഴുവനും അവിടെ തങ്ങുന്നതാണ്. രാത്രിയിലാവട്ടെ, പകലിലാവട്ടെ അത്യവശ്യമായ ത്വവാഫ്, സഅ്യ് പോലെയുള്ള കാര്യങ്ങൾക്ക് വേണ്ടിയല്ലാതെ അവിടെ നിന്നും പുറത്ത് പോകാതിരിക്കലാണ് നല്ലത്. അങ്ങിനെ പുറത്ത് പോയാൽ പെട്ടന്ന് മിനയിലുള്ള തൻെറ താമസ സ്ഥലത്തേക്ക് തിരിച്ച് വരേണ്ടതുമാണ്.

<u>രണ്ട്:</u> എല്ലാ ദിവസവും ഉച്ച തിരിഞ്ഞതിന് ശേഷം മൂന്ന് ജംറകളും എറിയുക. ഉച്ച തിരിയുന്നതിന്ന് മുമ്പ് എറിയുവാൻ പാടില്ല. കാരണം പ്രവാചകതിരുമേനി(ﷺ) ഉച്ച തിരിയുന്നതിന്ന് മുമ്പ് എറിഞ്ഞിട്ടില്ല. അങ്ങിനെ എറിയൽ അനുവദനീയമായിരുന്നെങ്കിൽ തൻെറ സമുദായത്തിന് എളുപ്പമാവാനെങ്കിലും പ്രവാസകൻ (ﷺ) എറിയുമായിരുന്നു. മൂന്ന് ജംറകളിലും എറിയേണ്ട രൂപം താഴെ വിവരിക്കുന്നു:
1- ‘മസ്ജിദുൽ ഖൈഫി’ൻെറ അടുത്തുള്ള ജംറതുൽ ഊലയിൽ ആദ്യം ഏഴ് കല്ലുകൾ തുടർച്ചയായി എറിയുക. ഓരോ ഏറിനോടൊപ്പവും തക്ബീർ ചൊല്ലുക. കല്ലുകളെല്ലാം തടത്തിൽ വീഴുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുക. തടത്തിൽ വീണിട്ടില്ലെങ്കിൽ ആ എറിയൽ ശരിയായിട്ടില്ല. ഏറിനുശേഷം തിരക്കിൽ നിന്ന് വിട്ട് അൽപം മുന്നിലേക്ക് നീങ്ങി ഖിബ്‌ലക്ക് അഭിമുഖമായി കൈകൾ രണ്ടും ഉയർത്തികൊണ്ട് അല്ലാഹുവിനോട് ഇരുലോകത്തെയും വിജയത്തിന് വേണ്ടി ഉദ്ധേശിക്കുന്നത്ര പ്രാർത്ഥിക്കുക.
2- പിന്നീട് ‘ജംറത്തുൽ വുസ്ഥ’യിലേക്ക് നീങ്ങുക. അവിടെയും ഏഴ് കല്ലുകൾ തുടർച്ചയായി എറിയുക. ഓരോ ഏറിനോടൊപ്പവും തക്ബീർ ചൊല്ലുക. ഏറിനു ശേഷം തിരക്കിൽ നിന്ന് വിട്ട്

അൽപം മുന്നിലേക്ക് നീങ്ങി ഖിബ്ലക്ക് അഭിമുഖമായി കൈകൾ രണ്ടും ഉയർത്തികൊണ്ട് വളരെ സുധീർഘമായി പ്രാർത്ഥിക്കുക.

3- പിന്നീട് നീ ജംറത്തുൽ അഖബയിലേക്ക് നീങ്ങുക. ഏഴ് കല്ലുകൾ തുടർച്ചയായി എറിയുക. ഓരോ ഏറിനോടൊപ്പവും തക്ബീർ ചൊല്ലുക. എന്നാൽ അതിന് ശേഷം പ്രാർത്ഥിക്കരുത്. പിന്നീട് അടുത്ത ദിവസത്തിനായി കാത്തിരിക്കുവാൻ നിൻെറ താമസ സ്ഥലത്തേക്ക് തിരിച്ച് വരുക.

പിന്നീട് ദുൽ ഹിജജ: പന്ത്രണ്ടിൻെറ അന്നും ദുൽ ഹിജജ: പതിനൊന്നിന് എറിഞ്ഞ രൂപത്തിൽ ഉച്ച തിരിഞ്ഞതിന് ശേഷം എറിയുക.

ഇനി നാട്ടിലേക്ക് പോകുവാൻ ധൃതിയുള്ളവനാണെങ്കിൽ ദുൽഹിജജ: പന്ത്രണ്ടിന്ന് സൂര്യനസ്തമി ക്കുന്നതിന്ന് മുമ്പ് മിനയിൽ നിന്ന് മക്കയിലേക്ക് വിടവാങ്ങൽ ത്വവാഫ് ചെയ്യുവാൻ വേണ്ടി പുറപ്പെടുക. ഇനി ധൃതിയുള്ളവനല്ലെങ്കിൽ ദുൽഹിജജ: പന്ത്രണ്ടിൻെറ അന്ന് മിനയിൽ രാപാർക്കുകയും ദുൽഹിജജ: പതിമൂന്നിൻറ അന്നും ഉച്ച തിരിഞ്ഞതിന്ശേഷം മുൻ ദിവസത്തിൽ എറിഞ്ഞത് പ്രകാരം എറിയുക.

ഹാജീ, ഈ ദിവസങ്ങളിലെല്ലാം നിർബ്ബന്ധ നമസ്കാരത്തിന് ശേഷം തക്ബീർ ചൊല്ലൽ സുന്നത്താണ്. രാവിലും, പകലിലും ബലിയറുക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും, എറിയുമ്പോഴും, നിൻെറ എല്ലാ അവസ്ഥകളിലും അല്ലാഹുവിനെകൂടുതൽ സ്മരിച്ച് കൊണ്ടാണ് കഴിയേണ്ടത്.

# വിടവാങ്ങൽ ത്വവാഫ്:

അല്ലാഹുവും, പ്രവാചകനും പഠിപ്പിച്ച, കൽപിച്ച രൂപത്തിൽ അല്ലാഹുവിൻെറ അനുഗ്രഹ ത്തോടെ പരിപൂർണമായി ഹജ്ജ് കർമ്മങ്ങൾ ചെയ്തതിന് ശേഷം ഹാജിമാരുടെ സംഘങ്ങൾ പരിശുദ്ധമാക്കപ്പെട്ട പരിപാവനമായ ഭൂമിയോട് വിടവാങ്ങുവാൻ വേണ്ടി തയ്യാറെടുത്തു കൊണ്ടിരിക്കു കയാണ്. അവരുടെ പവിത്രമായ യാത്രയുടെ അവസാനം നാട്ടിലേക്ക് യാത്ര തിരിക്കുവാൻ ഉദ്ദേശിക്കുന്ന ഹാജി ഹജ്ജിൻെറ അവസാനത്തെ വാജിബായ വിടവാങ്ങൽ ത്വവാഫ് ചെയ്യേണ്ട താണ്. കാരണം പ്രവാചക തിരുമേനി പറയുകയുണ്ടായി: "തൻെറ അവസാനത്തെ പരിചയം കഅ ബയുമായിട്ടാവുന്നത് വരെ (ത്വവാഫ് ചെയ്യുന്നത് വരെ) ആരും മക്കയിൽ നിന്ന് യാത്രയാ വരുത്" മുസ്ലിം. എന്നാൽ ആർത്തവവും, പ്രസവരക്തവും ഉള്ള സ്ത്രീകൾക്ക് ഇതിൽ നിന്ന് ഇളവനുവദിച്ചിട്ടുണ്ട്. അവർക്ക് ത്വവാഫുൽ വിദാഅ് ഉപേക്ഷിക്കാവുന്നതാണ്. എന്നാൽ മറ്റുള്ളവർക്ക് ത്വവാഫുൽ വിദാഅ് ഉപേക്ഷിക്കുവാൻ പാടില്ല.

ഈ ത്വവാഫ് ചെയ്യേണ്ടത് നാം നേരത്തെ വിവരിച്ച ഉംറയുടെ ത്വവാഫ് ചെയ്ത അതെ രൂപത്തിൽ തന്നെയാണ്. എന്നാൽ ഈ ത്വവാഫിൽ റംലും, ഇള്തിബാഉം സുന്നത്തില്ല. ത്വവാഫിന് ശേഷം മഖാമു ഇബ്രാഹീമിൻെറ പിന്നിൽ നിന്ന് രണ്ട്റക അത്ത് നമസ്കരിക്കുക. പിന്നീട് മസ്ജിദുൽ ഹറാമിൽ നിന്ന് പുറത്ത് പോകുമ്പോഴുള്ള പ്രാർത്ഥന ചൊല്ലി കൊണ്ട് പുറത്ത് കടക്കുക. പ്രാർത്ഥന ഇതാകുന്നു:

" بسم الله والصلاة والسلام على رسول الله ، اللهم ا ني أسألك من فضلك"

അർത്ഥം: (അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതൻെറ മേൽ രക്ഷയും സമാധാനവും ഉണ്ടാവട്ടെ. അല്ലാഹുവെ, നിൻെറ അനുഗ്രഹത്തിൽ നിന്ന് ഞാൻ ചോദിക്കുന്നു) പിന്നീട് നാട്ടിലേക്ക് യാത്രതിരിക്കുക. അല്ലാഹുവിൻെറ രക്ഷയും, കാവലും നിന്നെ വലയം ചെയ്യും, എന്നാൽ ത്വവാഫുൽ വിദാഇന് ശേഷം ഫർള് നമസ്കരിക്കേണ്ടി വന്നാൽ അത് നമസ്കരിക്കുന്നതിന്നോ, അതിന്ന് ശേഷ മുള്ള സുന്നത്ത് നമസ്കരിക്കുന്നതിന്നോ യാതൊരു കുഴപ്പവുമില്ല. എന്നാൽ അധിക സമയം അവിടെ കഴിച്ച് കൂട്ടരുത്. മക്കയിൽ നിൻെറ അവസാനത്തെ കർമ്മം ത്വവാഫുൽ വിദാഅ് ആയിരിക്കുവാൻ നീ ശ്രദ്ധിക്കേണ്ടതാണ്.

# മസ്ജിദുന്നബവി സന്ദർശനം:

മുസ്‌ലിം സഹോദരാ, അല്ലാഹു നിനക്ക് പൂർണമായി ഹജ്ജ് ചെയ്യുവാനും, ഒരു നമസ്കാരത്തിന് മറ്റു പള്ളികളിൽ ലക്ഷം പ്രാവശ്യം നമസ്കരിക്കുന്നതിന്ന് തുല്ല്യപ്രതിഫലം ലഭിക്കുന്ന മസ്ജിദുൽ ഹറാമിൽ നമസ്കരിക്കുവാനും അല്ലാഹു അവസരം നൽകി. ഇതിനോടൊപ്പം പ്രവാചകൻ ഹിജ്റ വന്ന അനുഗ്രഹീതമായ മദീന മുനവ്വറയിലുള്ള, ത്വയ്ബതു ത്വൈബയിലെ പ്രവാചകൻെറ പള്ളി സന്ദർശിക്കാവുന്നതും, അതിൽ നമസ്കരിക്കാവുന്നതുമാണ്. കാരണം മസ്ജിദുന്നബവിയിൽ ഒരു നമസ്കാരം നിർവ്വഹിക്കുന്നത് മസ്ജിദുൽ ഹറാമൊഴികെയുള്ള പള്ളികളിൽ വെച്ച് ഒരായിരം നമസ്കാരം നിർവ്വ ഹിക്കുന്നതിനേക്കാൾ പുണ്യകരമാണ്.
ഇവിടെ ചില സുപ്രധാനകാര്യങ്ങൾ നിന്നെ ഉണർത്തുകയാണ്.

<u>ഒന്ന്:</u> പരിശുദ്ധമായ മസ്ജിദുന്നബവി സന്ദർശിക്കുന്നത് ഹജ്ജിൻെറ വാജിബുകളിൽ പെട്ടതോ, റുകുനുകളിൽ പെട്ടതോ, ഹജ്ജുമായി ബന്ധപ്പെട്ടതോ അല്ല. നേരെ മറിച്ച് ഹജ്ജിൽ മാത്രമല്ല വർഷം മുഴുവനും സുന്നത്ത് മാത്രമാകുന്നു. രണ്ട് ഹറമുകളുടെ നാട്ടിൽ എത്തിയ സ്ഥിതിക്ക് കുറച്ച് കാര്യം അതിനെ സംബന്ധിച്ച് അറിയൽ ഉചിതമായിരിക്കും. “ആരെങ്കിലും ഹജ്ജ് ചെയ്തിട്ട് എന്നെ സന്ദർ ശിച്ചിട്ടില്ലെങ്കിൽ അവൻ എന്നെ അവഗണിച്ചിരിക്കുന്നു ” എന്ന ഹദീസ് കെട്ടിയുണ്ടാക്കിയ കള്ള ഹദീസാകുന്നു, ഇത് പ്രവാചകനിൽ നിന്നും വന്നിട്ടില്ല.

<u>രണ്ട്:</u> നീ മസ്ജിദുന്നബവിയിൽ പ്രവേശിക്കുമ്പോൾ വലത് കാൽ മുന്തിക്കൽ സുന്നത്താണ്. എന്നിട്ട് ഈ പ്രാർത്ഥന ചൊല്ലുക.

" أعوذ بالله العظيم ووجهه الكريم وسلطانه القديم من الشيطان الرجيم ، بسم الله والصلاة والسلام على رسول الله ، اللهم افتح لي أبواب رحمتك ، "

അർത്ഥം: (മഹാനായ അല്ലാഹുവിനെ കൊണ്ടും അവൻെറ ഉദാരപ്രഭാവം കൊണ്ടും അനാദിയായ അവൻെറ ആധിപത്യം കൊണ്ടും ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ രക്ഷ തേടുന്നു, അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതൻെറ മേൽ രക്ഷയും സമാധാനവും ഉണ്ടാവട്ടെ, അല്ലാഹുവെ, നിൻെറ അനുഗ്രഹത്തിൻെറ കവാടങ്ങൾ എനിക്കു നീ തുറന്ന് തരേണമേ,).

**മൂന്ന്**: എല്ലാ പള്ളികളെയും പോലെ മസ്ജിദുന്നബവിയിൽ പ്രവേശിച്ചാൽ രണ്ട് റകഅത്ത് തഹിയ്യതുൽ മസ്ജിദ് നമസ്കരിക്കുക. പിന്നീട് നിനക്ക് വേണ്ട കാര്യങ്ങൾ നീ പ്രാർത്ഥിക്കുക. ഇങ്ങനെ ചെയ്യുന്നത് പ്രവാചകൻ അന്ത്യവിശ്രമം കൊള്ളുന്ന വീടിൻെറയും മിമ്പറുടെയും ഇട യിലുള്ള റൗളാ ഷെരീഫിൽ ആകൽ വളരെ ഉത്തമമാണ്. പ്രവാചക തിരുമേനി(ﷺ) പറയുക യുണ്ടായി: “എൻെറ വിടിൻെറയും മിമ്പറിൻെറയും ഇടയിലുള്ള സ്ഥലം സ്വർഗത്തിലെ തോട്ടത്തിൽ ഒരു തോട്ടമാകുന്നു, എൻെറ മിമ്പർ എൻെറ ഹൗളിൻ മേലാകുന്നു” മുസ്‌ലിം. ഇതിന് സാധിച്ചില്ലായെങ്കിൽ ഹറമിൻെറ പരിധിയിൽ നിന്ന് നിനക്ക് സൗകര്യമുള്ള എവിടെ നിന്നെങ്കിലും നമസ്കരിക്കുക.

**നാല്**: പിന്നീട് നീ പ്രവാചകൻെറ ഖബറിന്നരികിലേക്ക് ചെന്ന് വളരെ മര്യാദയോടെ, ശാന്തനായി, ശബ്ദം താഴ്ത്തി കൊണ്ട് സലാം പറയുക, ഇങ്ങനെ പറയാവുന്നതാണ്.

" السلام عليك أيها النبي ورحمة الله وبركاته ، اللهم صل على محمد وعلى آل محمد كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد ، اللهم بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد " ،

അർത്ഥം: (നബിയേ, അങ്ങേക്ക് അല്ലാഹുവിൻെറ രക്ഷയും, കാരുണ്യവും അനുഗ്രഹങ്ങളുമുണ്ടാവട്ടെ, അല്ലാഹുവെ, നീ മുഹമ്മദ് നബിക്കും. കുടുംബത്തിനും ഗുണം ചെയ്യേണമേ. ഇബ്രാഹിം നബിക്കും കു ടുംബത്തിനും ഗുണം ചെയ്തത് പോലെ, നിശ്ചയം നീ സ്തുത്യനും മഹൽ പദവിയുള്ളവനുമാണ്. അല്ലാഹുവെ മുഹമ്മദ് നബിക്കും, കുടുംബത്തിനും അനുഗ്രഹം ചൊരിയേ ണമേ, ഇബ്രാഹിം നബിക്കും കുടുംബത്തിനും അനുഗ്രഹം ചൊരിഞ്ഞത് പോലെ, നിശ്ചയം നീ സ്തുത്യനും മഹൽ പദവിയുള്ളവനുമാണ്.

താഴെ കാണും പ്രകാരവും പറയാവുന്നതാണ്. കാരണം അതിലുള്ളതെല്ലാം റസൂൽ (സ)യുടെ വിശേഷണങ്ങളാണ്.

" أشهد أنك رسول الله حقاً ، وأنك بلغت الرسالة وأديت الأمانة ، وجاهدت في الله حق جهاده ، ونصحت الأمة ، فجزاك الله عن أمتك أفضل ما جزى نبياً عن أمته "

അർത്ഥം: (യഥാർത്ഥമായും താങ്കൾ അല്ലാഹുവിൻെറ റസൂലാണെന്നും താങ്കൾ അല്ലാഹു ഏൽപി ച്ച ദൗത്യം പ്രബോധനം ചെയ്തിട്ടുണ്ടെന്നും ഉത്തരവാദിത്വം പൂർത്തീകരിച്ചിട്ടുണ്ടെന്നും. അല്ലാഹുവി ൻെറ മാർഗത്തിൽ യഥാർത്ഥമായ ജിഹാദ് നിർവ്വഹിച്ചിട്ടുണ്ടെന്നും സമുദായത്തെ ഉപദേശിച്ചിട്ടുണ്ടെ ന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു, അങ്ങേക്ക് അങ്ങയുടെ സമുദായത്തിൻെറ പേരിൽ അല്ലാഹു ഏറ്റവും നല്ല പ്രതിഫലം നൽകട്ടെ. ഒരു സമുദായത്തിൻെറ പേരിൽ ഒരു നബിക്ക് നൽകുന്നതിൽ വെച്ചേറ്റവും നല്ല പ്രതിഫലം)

പിന്നീട് അൽപം മുന്നോട്ട് നടന്ന് അബൂബക്കർ സിദ്ധീഖിന്ന്(റ) സലാം പറയുക. അദ്ദേഹ ത്തിന് കാരുണ്യത്തിനും, പാപമോചനത്തിനും, അദ്ദേഹത്തിന് യോജിച്ച പ്രതിഫലം ലഭിക്കുവാനും പ്രാർത്ഥിക്കുക. പിന്നീട് അൽപം മുന്നോട്ട് നിന്ന് ഉമറുൽ ബ്നുൽ ഖത്വാബിന്(റ) സലാം പറയുക. അദ്ദേഹത്തിനും കാരുണ്യത്തിനും, പാപമോചനത്തിനും, അദ്ദേഹത്തിന് യോജിച്ച പ്രതിഫലം ലഭിക്കുവാനും പ്രാർത്ഥി ക്കുക.

**അഞ്ച്**: പ്രവാചക കൽപനകളും, വിരോധങ്ങളും അംഗീകരിക്കുന്നവരിൽ തന്നെ ചിലയാളുകൾ തിരുമേനിയുടെ മാതൃകക്ക് വിപരീതമായി ചിലകാര്യങ്ങൾ ചെയ്യുന്നു, ആയതിനാൽ പ്രവാചക ചര്യക്ക് വിപരീതം പ്രവർത്തിക്കുന്നവരിൽ പെട്ട് പോകുന്നതിനെ സൂക്ഷിക്കുക. ചില സന്ദർശകർ മസ്ജിദുന്നബ വിയുടെ ചുമരുകളും, ജനലുകളും തൊട്ട് മുത്തികൊണ്ടും അല്ലാഹുവിലേക്ക് സാമീപ്യം തേടുന്നതായി കാണാം, അത്പോലെ ഖബറിനെ ത്വവാഫ് ചെയ്യുവാൻ ശ്രമിക്കുന്നതായും കാണാം. ആവശ്യങ്ങൾ നിറവേറാനും, രോഗശമനത്തിനും, മറ്റു ആവശ്യങ്ങൾക്കും വേണ്ടി പ്രവാചകനോട് തേടുന്നതും കാണാം. ഇതൊന്നും തന്നെ മതത്തിൽ അനുവദനീയമല്ല, അനുവദനീയമായിരു ന്നുവെങ്കിൽ പ്രവാചകൻ(ﷺ) നമ്മോട് കൽപിക്കുമായിരുന്നു, നമുക്ക് മുമ്പ് പ്രവാചകാനുയായികളായ സ്വഹാബാക്കൾ(റ) അപ്രകാരം ചെയ്യുമായിരുന്നു.

ആറ്: സ്ത്രീകൾ പ്രവാചകൻെറ ഖബറോ, മറ്റുള്ളവരുടെ ഖബറുകളോ സന്ദർശിക്കുവാൻ പാടില്ല. പക്ഷേ, മസ്ജിദുന്നബവി സന്ദർശിക്കുകയും അവിടെ ആരാധനകൾ നടത്തുകയും ചെയ്യുക. അവൾ ഉള്ള സ്ഥലത്ത് നിന്ന് നബി(ﷺ)ക്ക് സലാം പറയുക. കാരണം എവിടെ നിന്നായിരുന്നാലും സലാം പ്രവാചകനിലേക്ക് എത്തുന്നതാണ്.

ഏഴ്: മദീനയിൽ ഉണ്ടായിരിക്കേ പുരുഷന്മാർക്ക് ബഖീഅ് എന്ന ഖബറിടം സന്ദർശിക്കൽ സുന്നത്താണ്. ഇവിടെയാണ് മൂന്നാം ഖലീഫയായ ഉഥ്മാനുബ്നു അഫഫാൻ(റ) മറമാടപ്പെട്ടിരിക്കുന്നത്. അത് പോലെ ഉഹ്ദ് രക്തസാക്ഷികളുടെ ഖബറിടവും, ഹംസ(റ)ൻെറ ഖബറിടവും സന്ദ ർസിക്കാവുന്നതാണ്. കാരണം പ്രവാചക തിരുമേനി(ﷺ) അവരെ സന്ദർശിക്കുകയും, അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവരെ സന്ദർശിച്ച് കൊണ്ട് പ്രവാചകൻ(ﷺ) ഇങ്ങനെ പറയാറുണ്ടായിരുന്നു:

"السلام عليكم أهل الديار من المؤمنين والمسلمين ، وإنا إن شاء الله بكـــم لاحقـــون ، يـــرحم الله المستقدمين منا والمستأخرين ، نسأل الله لنا ولكم العافية)

അർത്ഥം:(മുസ്ലീങ്ങളുടെയും മുഅ്മിനീങ്ങളുടെയും ഖബർ വാസികളെ, നിങ്ങൾക്ക് അല്ലാഹുവിൻെറ രക്ഷയുണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം ചേരാനുള്ളവരാണ്. നമ്മിൽ നിന്നു ള്ള മുൻഗാമികൾക്കും അല്ലാഹു ഗുണം ചെയ്യട്ടെ. ഞങ്ങൾക്കും നിങ്ങൾക്കും വണ്ടി ഞങ്ങൾ അല്ലാഹുവിനോട് സൗഖ്യം ചോദിക്കുന്നു) (ഈ പ്രാർത്ഥന രണ്ട് ഹദീസുകളിൽ നിന്നും യോചിപ്പിച്ചതാ ണ്. രണ്ടും മുസ്ലിം ഉദ്ദരിച്ചതുമാണ്)

എട്ട്: സന്ദർശകരായ സഹോദരീ സഹോദരന്മാരെ; സന്ദർശിക്കേണ്ട സ്ഥലങ്ങളിൽ പെട്ടതാണ് ഖുബാ പള്ളി. കാരണം പ്രവാചകൻ(ﷺ) നടന്ന് കൊണ്ടും, യാത്ര ചെയ്ത് കൊണ്ടും ഈ പള്ളിയിൽ വന്ന് രണ്ട് റകഅത്ത് സുന്നത്ത് നമസ്കരിക്കാറുണ്ടായിരുന്നു, (ബുഖാരി, മുസ്ലിം) ഈ പള്ളിയിൽ നമസ്കരി ക്കുന്നതിൻെറപ്രത്യേകതയായി വന്നത് ഇപ്രകാരമാണ്: സഅ്ല്ബ്നു ഹനീഫ് നിവേദനം: പ്രവാചകൻ (ﷺ)പറഞ്ഞു: "ആരെങ്കിലും തൻെറ വീട്ടിൽ നിന്ന് വുളുവെടുത്ത് ഖുബാപള്ളിയിൽ വെച്ച് രണ്ട് റകഅത്ത് നമസ്കരിച്ചാൽ അവന്ന് ഒരു ഉംറയുടെ പ്രതിഫലം ലഭിക്കുന്നതാണ്) (നസാഇ, ഇബ്നുമാജ, അഹ്മദ്, ആഖിം. അൽബാനി സ്വഹീഹാക്കിട്ടുണ്ട്)

## ഹജ്ജും ഉംറയും, ചെയ്ത സുഹൃത്തെ;

ഈ കൊച്ചു കൃതിയുടെ അവസാനം താങ്കൾക്ക് ഉപകാരമുണ്ടാവട്ടെ എന്ന ഉദ്ധേശത്താൽ ചില വസിയത്തുകൾ നൽകുകയാണ്. ഈ വിശുദ്ധഗേഹം സന്ദർശിച്ചവർക്ക് അല്ലാഹുവിനെ ആരാധിക്കുവാ നുള്ള സഹായവും, തെറ്റ് കുറ്റങ്ങളിൽ നിന്ന് വിട്ട് നിൽക്കുവാനും അവ സഹായകമായിത്തീരും.

ഒന്ന്: അഞ്ച് നേരത്തെ ഫർള് നമസ്കാരങ്ങൾ മസ്ജിദുൽ ഹറാമിൽ നമസ്കരിക്കുവാൻ ശ്രമിക്കുക. വളരെ നേരത്തെ പള്ളിയിൽ എത്തിച്ചേരുക. കഴിയുന്ന രൂപത്തിൽ നമസ്കാരത്തിൽ ഭയഭക്തിയും, ചിന്തയും വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കുക.

രണ്ട്: അല്ലാഹുവിനെ ആരാധിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഖുർആൻ പാരായണം, ഹജ്ജും, ഉംറയും ചെയ്യുന്നതിനിടയിൽ വിശുദ്ധ ഖുർആനിലെ ജുസ്ഉകൾ സാധിക്കുന്ന രീതിയിൽ ഓതി തീർക്കുവാൻ പരിശ്രമിക്കുക.

മൂന്ന്: മസ്ജിദുൽ ഹറാമിലെ ഒരു നമസ്കാരം മറ്റു പള്ളികളിൽ ലക്ഷം പ്രാവശ്യം നമസ്കരിക്കുന്നതിന്ന് തുല്ല്യമുള്ളതാണ്. അല്ലാഹുവിനെ സൂക്ഷിക്കുക. ആയതിനാൽ അവിടെ കൂടുതൽ സുന്നത്തുകൾ നിർവ്വഹിക്കുവാൻ പരമാവധി ശ്രമിക്കുക. കാരണം പ്രവാചകൻെറയടുത്ത് ഒരാൾ വന്ന് പറഞ്ഞു: ഞാൻ സ്വർഗത്തിൽ താങ്കളുടെ ചങ്ങാത്തം ആഗ്രഹിക്കുന്നു, അപ്പോൾ പ്രവാചക

തിരുമേനി(ﷺ) പറഞ്ഞു: "(നീ സൂജൂദ് അധികരിപ്പിച്ച് കൊണ്ട് എന്നെ അതിന്ന് സഹായിക്കുക)" മുസ്‌ലിം.

നാല്: രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട ദിക്റുകൾ മന:പാഠമാക്കി അത് നിത്യമാക്കുക. അതിന്ന് ഉതകുന്ന ലഘുലേഘകളും, ചെറു പുസ്തകങ്ങളും സംഘടിപ്പിച്ച് അത് പഠിക്കുക. സഊദി അറേബ്യയിലെ ഉന്നത പണ്ഡിത സഭയിലെ അംഗമായ 'ശൈഖ് ബകർ അബൂ സൈദ്' ഇതിനെപ്പറ്റി വിശദമായി വിവരിച്ച് എഴുതിയിട്ടുള്ള പുസ്തകം ലഭിക്കുന്നതാണ്.

അഞ്ച്: സൽസ്വഭാവിയാവാനും, നല്ല രൂപത്തിൽ ജനങ്ങളോട് പെരുമാറാനും ശ്രദ്ധിക്കണം. ഏഷണിയിൽ നിന്നും, പരദൂഷണത്തിൽ നിന്നും, ഉപദ്രമേൽപിക്കുന്ന വർത്തമാനത്തിൽ നിന്നും നാവിനെ സൂക്ഷിക്ക ണം. കാരണം മക്കയിൽ വെച്ച് ചെയ്യുന്ന പാപത്തിന് മറ്റു സ്ഥലത്ത് വെച്ച് ചെയ്യുന്നതിനേക്കാൾ വലിയതും ഇരട്ടിയുമുള്ള ശിക്ഷയായിരിക്കും.

ആറ്: അല്ലയോ ഹാജി, അല്ലാഹുവിലേക്ക് നീ പെട്ടന്ന് പശ്ചാതാപിക്കുക. നിൻെറ ജീവിതത്തിൽ ഈമാനും, സൽകർമ്മങ്ങളും നിറഞ്ഞ ഒരു പുതിയ അദ്ധ്യായം തന്നെ തുന്നി ചേർക്കുക. ഈ അനുഗ്രഹീതമായ യാത്ര നിൻെറ രക്ഷിതാവും, സൃഷ്ടാവുമായിട്ടുള്ളവനിലേക്കടുപ്പിക്കുന്ന നന്മകൾ ചെയ്യുവാനുള്ള ഒരു വാതായനമാവട്ടെ.

അവസാനമായി: ഹാജിമാർക്കുള്ള ഹദ്‌യായ ഈ കൊച്ചു പുസ്തകത്തിൻെറ കർത്താക്കൾ, അല്ലാഹുവിനോട് നിങ്ങളുടെ ശ്രമം വിജയിക്കുവാനും, നിങ്ങളുടെ ഹജ്ജും, ഉംറയും സ്വീകരിക്കുവാനും, ആത്മീയ സമ്പന്നതയോടെ, സുരക്ഷിതമായി നിങ്ങളുടെ കുടുംബങ്ങളിലേക്ക് മടങ്ങുവാനും വേണ്ടി പ്രാർത്ഥിക്കുന്നു. അത്പോലെ നിങ്ങൾക്കും, ഞങ്ങൾക്കും സൽകർമ്മങ്ങൾ ചെയ്യുവാനും, മതത്തിൽ ശരിയായ രൂപത്തിൽ അടിയുറച്ച് നിൽക്കുവാനുമുള്ള സൗഭാഗ്യവും ആഗ്രഹിക്കുന്നു.

# വിശുദ്ധ ഖുർആനിലും, സുന്നത്തിലും സ്ഥിരപ്പെട്ട പ്രാർത്ഥനകൾ.

വിശുദ്ധ ഖുർആനിലും, തിരുചര്യയിലും സ്ഥിരപ്പെട്ട പ്രാർത്ഥനകളും അതിൻെറ അർത്ഥവും താഴെ കൊടുക്കുന്നു:

{ ربنا ظَلَمْنَا أَنفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ من الْخَاسِرِينَ } (سورة الأعراف:23).

(ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണകാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും.)

{ رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ} (سورة البقرة:127)

(ഞങ്ങളുടെരക്ഷിതാവെ, ഞങ്ങളിൽ നിന്ന് നീ സ്വീകരിക്കേണമേ, നീ എല്ലാം കേൾക്കുന്നവനും, അറിയു ന്നവനുമാകുന്നു)

{وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ } ( سورة البقرة:128)

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെ പശ് ചാതാപം സ്വീകരിക്കുകയും ചെയ്യേണമേ, തീർച്ചയായും നീ പശ്ചാതാപം സ്വീകരിക്കുന്നവനും, അങ്ങേയറ്റം തരുണാനിധിയുമാകുന്നു).

{رَبِّ اجْعَلْنِي مُقِيمَ الصَّلَاةِ وَمِنْ ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ } (سورة إبراهيم:40)

(രക്ഷിതാവെ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുന്നവനാക്കേണമേ, എൻെറ സന്തതികളിൽ പെട്ടവരെയും (അപ്രകാരം) ആക്കേണമേ, ഞങ്ങളുടെ രക്ഷിതാവെ, എൻെറ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ)

{رَبِّ أَوْزِعْنِي أَن أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَن أَعْمَلَ صَالِحًا تَرْضَاهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ} (سورة النمل: **19**)

(എന്റെ രക്ഷിതാവെ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്ത് തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്‌വൃത്തരായ ദാസന്മാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ)

{قَالَ رَبِّ اشْرَحْ لِي صَدْرِي * وَيَسِّرْ لِي أَمْرِي * وَاحْلُلْ عُقْدَةً مِنْ لِسَانِي * يَفْقَهُوا قَوْلِي) (سورة طه: **25– 28**)}

(രക്ഷിതാവെ, നീ എനിക്ക് ഹൃദയ വിശാലത നൽകേണമേ, എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കി തരേണമേ, ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ട തിന്നായി എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ച് തരേണമേ)

{رَبَّنَا اغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ} (سورة آل عمران: **147**)

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെപാപങ്ങളും ഞങ്ങളുടെ കാര്യങ്ങളിൽ വന്ന് പോയ അതിക്രമ ങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ, ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ച് നിർത്തുകയും സത്യനി ഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ)

{رَبَّنَا آتِنَا مِنْ لَدُنْكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا} (سورة الكهف: **10**) .

(ഞങ്ങളുടെ രക്ഷിതാവെ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാം വണ്ണം നിർവ്വഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ)

{ رَبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ* وَأَعُوذُ بِكَ رَبِّ أَنْ يَحْضُرُونِ } (سورة المؤمنون: **97–98**)

(രക്ഷിതാവെ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു അവർ (പിശാചുക്കൾ) എന്റെ അടുത്ത് സന്നിഹ്തരാകുന്നതിൽ നിന്നും എന്റെ രക്ഷിതാവെ ഞാൻ നിന്നോട് രക്ഷ തേടുന്നു.)

{رَبَّنَا لاَ تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا رَبَّنَا وَلاَ تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا رَبَّنَا وَلاَ تُحَمِّلْنَا مَا لاَ طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلاَنَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ } (البقرة: **255**)

(ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്ന് പോകുകയോ, ഞങ്ങൾക്ക് തെറ്റ് പറ്റുകയോ, ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയ തുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും, കരുണ കാണി ക്കുകയും ചെയ്യേണമേ, നീയാണ് ഞങ്ങളുടെ രക്ഷാധികാരി, അതുകൊണ്ട് സത്യ നിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സാഹായിക്കേണമേ.)

{رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَدُنْكَ رَحْمَةً إِنَّكَ أَنْتَ الْوَهَّابُ } (آل عمران: **8**)

(ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയതിന് ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.)

{رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا} (سورة الفرقان: **65**).

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും, പാർപ്പിടവും തന്നെയാകുന്നു)

{رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا} (سورة الفرقان: **74**).

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളുർമ്മ നൽകുകയും, ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെ യ്യേണമേ.)

{رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ} (سورة البقرة: **201**).

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ, പരലോകത്തും നീ

നല്ലത് തരേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തു രക്ഷിക്കുകയും ചെയ്യേണമേ)

عَنْ عَائِشَةَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْه وَسَلَّمَ كَانَ يَقُولُ: اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ النَّارِ وَفِتْنَةِ النَّارِ وَفِتْنَةِ الْقَبْرِ وَعَذَابِ الْقَبْرِ وَشَرِّ فِتْنَةِ الْغِنَى وَشَرِّ فِتْنَةِ الْفَقْرِ وَشَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ اللَّهُمَّ اغْسِلْ خَطَايَايَ بِمَاءِ الثَّلْجِ وَالْبَرَدِ وَنَقِّ قَلْبِي مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكَسَلِ وَالْهَرَمِ وَالْمَغْرَمِ وَالْمَأْثَمِ * رواه البخاري ومسلم و أحمد

(അല്ലാഹുവെ ഞാൻ നിന്നോട് നരകശിക്ഷയിൽ നിന്നും അതിൻെറ പരീക്ഷണത്തിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും, അതിൻെറ പരീക്ഷണത്തിൽ നിന്നും, ഐശ്വര്യത്തിൻെറ കുഴപ്പത്തിൽ നിന്നും, ദാരിദ്യത്തിൻെറ കുഴപ്പത്തിൽ നിന്നും രക്ഷചോദിക്കുന്നു, അല്ലാഹുവെ ഞാൻ നിന്നോട് മസീഹുദ്ദജ്ജാലിൻെറ കുഴപ്പത്തിൽ നിന്നും രക്ഷ ചോദിക്കുന്നു, അല്ലാഹുവെ എൻെറ ഹൃദയത്തെ വെള്ളം കൊണ്ടും ഹിമംകൊണ്ടും മഞ്ഞ് കൊണ്ടും കഴുകേണമേ, വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കുന്നത് പോലെ എൻെറ ഹൃദയത്തെ പാപങ്ങളിൽ നിന്നും കഴുകി ശുദ്ധിയാക്കേണമേ, കിഴക്കും പടിഞ്ഞാറും നീ വിദൂരപ്പെടുത്തിയത് പോലെ എന്നെയും എൻെറ തെറ്റിനിടയിലും നീ വിദൂരപ്പെടുത്തേണമേ, അല്ലാഹുവെ ഞാൻ നിന്നോട് അലസതയിൽ നിന്നും, പാപങ്ങളിൽ നിന്നും, കടം കൊണ്ട് വലയുന്നതിൽ നിന്നും രക്ഷ തേടുന്നു) ബുഖാരി, മുസ്ലിം.

{اللهم إني أعوذ بك من العجز والكسل ، والجبن والهرم والبخل ، وأعوذ بك من عذاب القبر ، ومن فتنة المحيا والممات } . رواه البخاري ومسلم .

(അല്ലാഹുവെ, അശക്തി അലസത, അ ധൈര്യം, വാർധക്യം, ലുബ്ധ് മുതലായവയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു, ഖബർ ശിക്ഷയിൽ നിന്നും ജീവിതത്തിലെ പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു,) ബുഖാരി, മുസ്ലിം.

{اللهم إني أعوذ بك من جهد البلاء ، ودرك الشقاء ، وسوء القضاء ، وشماتة الأعداء}. رواه البخاري ومسلم .

(അല്ലാഹുവെ, പരീക്ഷണത്തിൻെറ കാഠിന്യത്തിൽ നിന്നും നിർഭാഗ്യം പിടികൂടുന്നതിൽ നിന്നും മോശപ്പെട്ട വിധിക്ക് വിധേയമാകുന്നതിൽ നിന്നും എൻെറ ദു:ഖം ശത്രുവിനെ സന്തോഷിപ്പിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു) ബുഖാരി, മുസ്ലിം.

{اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي وَاجْعَلِ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ } مسلم

(എൻെറ കാരുണ്യത്തിന് സുരക്ഷിതത്വം നൽകുന്ന എൻെറ ദീനിനെ നീ നന്നാക്കേണമേ, എൻെറ ജീവിതം നിലനിൽക്കുന്ന എൻെറ ദുനിയാവിനെയും നീ നന്നാക്കേണമേ, എനിക്കു മടങ്ങി ചെല്ലാനുള്ള എൻെറ പരലോകത്തെയും നീ നന്നാക്കേണമേ, എൻെറ ജീവിതത്തെ എനിക്ക് നന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ ആക്കി തീർക്കേണമേ. മരണത്തെ നീ എനിക്ക് എല്ലാ നാശങ്ങളിൽ നിന്നുമുള്ള ആശ്വാസമാ ക്കി തീർക്കേണമേ)

{ اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالتُّقَى وَالْعَفَافَ وَالْغِنَى } .مسلم

(അല്ലാഹുവെ, നിന്നോട് ഞാൻ സന്മാർഗ്ഗവും, ഭയഭക്തിയും, വിശുദ്ധിയും, ഐശ്വര്യവും ചോദിക്കുന്നു) മുസ്ലിം.

{ اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْبُخْلِ وَالْهَرَمِ وَعَذَابِ الْقَبْرِ اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلاَهَا اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لاَ يَنْفَعُ وَمِنْ قَلْبٍ لاَ يَخْشَعُ وَمِنْ نَفْسٍ لاَ تَشْبَعُ وَمِنْ دَعْوَةٍ لاَ يُسْتَجَابُ لَهَا}. رواه مسلم .

(അല്ലാഹുവെ, അശക്തി അലസത, അധൈര്യം, വാർധക്യം, ലുബ്ധ്, മുതലായവയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു, അല്ലാഹുവെ, എൻെറ ആത്മാവിന് നീ അ തിൻെറ തഖ്വ നൽകേണമേ, അതിനെ നിനക്കാണ് ഏറ്റവും നന്നായി സംസ്കരിക്കുവാൻ കഴിയുക. നീയാണതിൻെറ രക്ഷാധികാരിയും ഉടമസ്ഥനും. അല്ലാഹുവെ, നിന്നോട് ഞാൻ ഉപകാരപ്പെടാത്ത വിജ്ഞാനത്തിൽ നിന്നും, ദൈവ ഭയമില്ലാത്ത ഹൃദയത്തിൽ നിന്നും, വിശപ്പടങ്ങാത്ത ശരീരത്തിൽ നിന്നും, ഉത്തരം കിട്ടാത്ത പ്രാർത്ഥനയിൽ നിന്നും രക്ഷ ചോദിക്കുന്നു) മുസ്ലിം.

{ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِكَ وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ }.رواه مسلم
(അല്ലാഹുവെ, നിന്നോട് ഞാൻ നിന്റെ അനുഗ്രഹങ്ങൾ നീങ്ങി പോകുന്നതിൽ നിന്നും, നിന്റെ സൗഖ്യം ഇല്ലാതാകുന്നതിൽ നിന്നും, പെട്ടെന്ന് വരുന്ന നിന്റെ ശിക്ഷയിൽ നിന്നും, നിന്റെ സർവ്വ വിധ കോപത്തിൽ നിന്നും രക്ഷചോദിക്കുന്നു)

{ اللهم اكثر مالي ، وولدي ، وبارك لي فيما أعطيتني ، وأطل حياتي على طاعتك وأحسن عملي ، واغفـــر لي } .

أوله في البخاري ومسلم من دعاء النبي ρ لأنس ، وآخره أخرجه البخاري في الأدب المفرد ، والترمذي .
(അല്ലാഹുവെ, എന്റെ ധനവും സന്തതികളും വർദ്ധിപ്പിച്ച് തരേണമേ, നീ എനിക്ക് നൽകിയതിൽ നീ അനുഗ്രഹം ചൊരിയണമേ, നിന്റെ അനുസരണത്തിലായി കൊണ്ട് എനിക്ക് നീ ജീവിതം നീട്ടി തരേണമേ, നീ എന്റെ കർമ്മങ്ങളെ നന്നാക്കേണമേ. എനിക്ക് പൊറുത്തു തരേണമേ) (ഇതിന്റെ ആദ്യഭാഗം മുസ്ലിം ഉദ്ദരിച്ച പ്രവാചകൻ(ഋ) അനസിന് വേണ്ടി പ്രാർത്ഥിച്ച പ്രാർത്ഥനയിൽ പെട്ടതാണ്, അവസാനം ബുഖാരി അദബുൽ മുഫ്റദിലും, തിർമിദിയും ഉദ്ദരിച്ചത്)

{لا إله إلا الله العظيم الحليم ، لا إله إلا الله رب العرش العظيم ، لا إله إلا الله رب السموات ، ورب الأرض ورب العرش الكريم}. رواه البخاري ومسلم
(മഹാനും, സഹനശീലനുമായ അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല. മഹത്തായ സിംഹാസനത്തിന്റെ ഉടമയായ അല്ലാഹുവല്ലാതെ ആരാധ്യനില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും ആദരണീയ സിംഹാസന ത്തിന്റെയും രക്ഷിതാവായ അല്ലാഹുവല്ലാതെ ആരാധ്യനില്ല.) ബുഖാരി, മുസ്ലിം.

{اللهم رحمتك أرجو فلا تكلني إلى نفسي طرفة عين ، وأصلح لي شأني كله ، لا إله إلا أنت}. رواه أبـــو داود وأحمد وحسنه الألباني وغيره .
(അല്ലാഹുവെ, ഞാൻ നിന്റെ കാരുണ്യം ആഗ്രഹിക്കുന്നു, കണ്ണിമവെട്ടുന്ന സമയം പോലും എന്നെ എന്റെ ദേഹത്തിന് വിട്ട് കൊടുക്കരുത്. എന്റെ എല്ലാ കാര്യങ്ങളും നീ നന്നാക്കേണമേ, നിയല്ലാ തെ ആ രാധനക്കർഹനായി മറ്റാരുമില്ല തന്നെ) - അബൂദാവൂദ്, അഹ്മദ്, അൽബാനി ഹസനാക്കിയി ട്ടുണ്ട്.

{ اللهم إني عبدك ابن عبدك ، ابن أمتك ، ناصيتي بيدك ، ماض فيَّ حكمك ، عدل فيَّ قضاؤك . أسألك بكل اسم هو لك سميت به نفسك ، أو أنزلته في كتابك ، أو علمته أحداً من خلقك ، أو استأثرت به في علم الغيب عندك ، أن تجعل القرآن ربيع قلبي ، ونور صدري ، وجلاء حُزني ، وذهاب همي } . رواه أحمد والحاكم ، وحسنه ابن حجر ، وصححه الألباني .
(അല്ലാഹുവെ, ഞാൻ നിന്റെ അടിമയും അടിമയുടെയും അടിയാത്തിയുടെയും മകനുമാണ്. എന്റെ മൂർദ്ദാവ് നിന്റെ പിടിയിലാണ്. നിന്റെ എല്ലാ വിധിയും നീതിപരമാണ്, നീ നിനക്ക് വെച്ചതും നീ നിന്റെ ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചതും നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും പഠിപ്പിച്ച് കൊടു ത്തതും നിന്റെ സ്വന്തമായ ഇൽമുൽ ഗൈബിൽ സൂക്ഷിച്ചതുമായ നിന്റെ മുഴുവൻ നാമങ്ങൾ കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു: "ഖുർആനിനെ എന്റെ മനസ്സിന്റെ വസന്തവും, നെഞ്ചി ന്റെ പ്രകാശവും ആക്കേണമേ, അതിനെ എന്റെ മനസ്സിന്റെ ദു:ഖം മാറ്റാനുള്ള വസ്തുവാ ക്കേണമേ) അഹ്മദും, ഹാഖിമും ഉദ്ദരിച്ചത്, ഇബ്നുഹജർ ഹസനാക്കിയതും, അൽ ബാനി സ്വഹീഹാക്കി യതുമാണ്.

{اللهم مصرف القلوب صرف قلوبنا على طاعتك } . رواه مسلم .
(ഹൃദയങ്ങളെ മാറ്റിമറിക്കുന്ന അല്ലാഹുവെ, നീ ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ അനുസരണത്തി ലാക്കി തീർക്കേണമേ) മുസ്ലിം.

{ اللهم إني أعوذ بك من شر سمعي ، ومن شر بصري ، ومن شر لساني ، ومن شر قلبي ، ومن شر منيـــي } . رواه أبو داود والنسائي والترمذي ، وصححه الألباني
(അല്ലാഹുവെ, എന്റെ കേൾവിയുടെ ദോഷത്തിൽ നിന്നും എന്റെ കാഴ്ചയുടെ ദോഷത്തിൽ നിന്നും, എന്റെ നാവിന്റെ ദോഷത്തിൽ നിന്നും എന്റെ ഹൃദയത്തിന്റെ ദോഷത്തിൽ നിന്നും,

എൻെറ മരണത്തിൻെറ ദോഷത്തിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു) അബൂദാവൂദ്, നസാഇ, തിർമിദി എന്നിവർ ഉദ്ദരിച്ചത്, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്.

{اللهم إني أعوذ بك من منكرات الأخلاق ، والأعمال ، والأهواء } . رواه الترمذي وابن حبان والحاكم والطبراني

(അല്ലാഹുവെ, നിഷിദ്ധമായ സ്വഭാവകർമ്മങ്ങളും ദുഷിച്ച ഇഛകളും വന്നുപോകുന്നതിൽ നിന്ന് ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു) തിർമിദി, ഇബ്നു ഹിബ്ബാൻ. ഹാകിം, ത്വബറാനി എന്നിവർ ഉദ്ധരിച്ചത്.

{اللهم إنك عفو كريم تحب العفو فاعف عني } رواه الترمذي .

(അല്ലാഹുവെ, നിശ്ചയം നീ വിടുതി നൽകുന്നവനും ഉദാരനും മാപ്പുനൽകുവാനി ഷ്ടപ്പെടുന്ന വനുമാണല്ലോ, അതിനാലെനിക്ക് നീ മാപ്പു നൽകേണമേ) തിർമിദി.

{اللهم إني أسألك فعل الخيرات ، وترك المنكرات ، وحب المساكين ، وأن تغفر لي ، وترحمني ، وإذا أردت فتنة قوم فتوفني غير مفتون ، وأسألك حبك ،وحب من يحبك ، وحب عمل يقربني إلى حبـــك } . رواه أحمـــد والترمـــذي والحاكم

(അല്ലാഹുവെ, നന്മകൾ ചെയ്യാനും തിന്മകൾ വെടിയുവാനും സാധുക്കളെ സ്നേഹിക്കുവാനുമുള്ള ഉതവി ഞാൻ നിന്നോട് ചോദിക്കുന്നു. നീ എനിക്ക് പൊറുത്തു തരുകയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ, പടച്ചവനെ നീ ഒരു ജനതയെ പരീക്ഷണത്തി (നാശത്തി) ലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ എന്നെ ആ നാശത്തിൽ പെടുത്താതെ മരിപ്പിക്കേണമേ. നിന്നോടുള്ള സ്നേ ഹവും നിന്നെ സ്നേഹിക്കുന്നവരോടുള്ള സ്നേഹവും നിൻെറ സ്നേഹത്തിലേക്ക് അടുപ്പിക്കുന്ന കർമ്മങ്ങളോടുള്ള സ്നേഹവും ഞാൻ നിന്നോട് ചോദിക്കുന്നു)അഹ്മദ്, തിർമിദി, ഹാകിം.

{اللهم إني أسألك من الخير كله : عاجله وآجله ، ما علمت منه وما لم أعلم ، وأعوذ بك من الشر كلــه عاجلــه وآجله ، ما علمت منه وما لم أعلم . اللهم إني أسالك من خير ما سألك عبدك ونبيك ، وأعوذ بك من شر ما عاذ منه عبدك ونبيك . اللهم إني أسألك الجنة ، وما قرب إليها من قول أو عمل ، وأعوذ بك من النار وما قرب إليهـــا من قول أو عمل . وأسألك أن تجعل كل قضاء قضيته لي خيراً}. رواه ابن ماجه وأحمد والحاكم وصححه ووافقـــه الذهبي .

(അല്ലാഹുവെ, എനിക്കറിവുള്ളതും, അറിവില്ലാത്തതുമായ ക്ഷണികവും അല്ലാത്തതുമായ എല്ലാ നന്മകളെയും നിന്നോട് ഞാൻ ചോദിക്കുന്നു, എനിക്കറിവുള്ളതും, അറിവില്ലാത്തതുമായ ക്ഷണികവും അല്ലാ തുമായ എല്ലാ തിന്മകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു, അല്ലാഹുവെ, നിന്നോട് നിൻെറ ദാസനും ദൂതനുമായ നബി(ഇ) ചോദിച്ച നന്മ ഞാൻ നിന്നോട് ചോദിക്കുന്നു, നിന്നോട് നിൻെറ ദാസനും ദൂതനുമായ നബി(ഇ) രക്ഷ തേടിയ തിന്മയിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു, അല്ലാഹുവെ, ഞാൻനിന്നോട് സ്വർഗവും അതിലേക്കടുപ്പിക്കുന്ന വാക്കും പ്രവർത്തിയും ചോദിക്കുന്നു. നരകത്തിൽ നിന്നും നരകത്തിലേക്കടുപ്പിക്കുന്ന വാക്കിൽ നിന്നും പ്രവർത്തിയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. നീ വിധിച്ച എല്ലാ വിധിയും എനിക്ക് നന്മയാക്കി ത്തീർക്കേണമേ,) ഇബ്നുമാജ, അഹ്മദ്, ഹാകിം സ്വഹീഹാക്കുകയും, ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

{اللهم احفظني بالإسلام قائماً ، واحفظني بالإسلام قاعداً ، واحفظني بالإسلام راقداً ، ولا تشمت بي عـــدواً ،ولا حاسداً . اللهم إني أسألك من كـــــــــــــل خير خزائنه بيدك ، وأعوذ بك من كل شر خزائنه بيدك } . أخرجه الحاكم وصححه ووافقه الذهبي .

(അല്ലാഹുവെ, നിറുത്തത്തിലും, ഇരുത്തത്തിലും ഉറക്കത്തിലുമെല്ലാം ഇസ്ലാം കൊണ്ട് നീ എന്നെ സംര ക്ഷിക്കേണമേ. എന്നെ കൊണ്ട് എൻെറ ശത്രുവിനേയോ അസൂയക്കാരനേയോ നീ സന്തോഷിപ്പിക്ക രുതേ. അല്ലാഹുവെ, നിൻെറ കൈയിലുള്ള നന്മകളുടെ ഖജനാവിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു. നിൻെറ കരങ്ങളിലുള്ള നാശത്തിൻെറ ഖജനാവുകളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു) ഹാകിം സ്വഹീഹാക്കുകയും, ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

{اللهم اقسم لنا من خشيتك ما تحول به بيننا وبين معاصيك ، ومن طاعتك ما تبلغنا به جنتك، ومن اليقين ما هون به علينا مصائب الدنيا ، اللهم متعنا بأسماعنا، وأبصارنا ، وقواتنا ما أحييتنا ، واجعله الوارث منا ، واجعل ثأرنا على من ظلمنا ، وانصرنا على من عادانا ، ولا تجعل مصيبتنا في ديننا ، ولا تجعل الدنيا أكبر همنا ، ولا مبلغ علمنا ، ولا تسلط علينا من لا يرحمنا}. رواه الترمذي ، والحاكم وصححه ووافقه الذهبي .

(അല്ലാഹുവെ, ഞങ്ങൾക്കും നിന്നോട് തെറ്റു ചെയ്യുന്നതിനുമിടക്ക് മറയിടുന്ന തരത്തിൽ നിന്നോടുള്ള ഭയം ഞങ്ങൾക്ക് നീ നൽകേണമേ. നിന്റെ സ്വർഗം നേടിത്തരുന്ന തരത്തിൽ നിന്നോടുള്ള അനുസരണവും ദുൻയാവിലെ വിഷമങ്ങൾ ലഘൂകരിച്ച് തരുന്ന വിശ്വാസ ദാർഢ്യതയും ഞങ്ങൾക്ക് നീ നൽകേണമേ. അല്ലാഹുവെ, ഞങ്ങൾ ജീവിക്കുന്നിടത്തോളം ഞങ്ങളുടെ ശക്തികളെയും, കണ്ണുകളെയും, കാതുകളെയും സുഖിപ്പിക്കേണമേ, അതിനെ ഞങ്ങളിൽ നിന്നുള്ള അനന്തിരാ വകാശിയാക്കേണമേ, ഞങ്ങളോട് അക്രമം കാണിച്ചവർക്കുമീതെ നീ ഞങ്ങളുടെ പ്രതികാരത്തെ ആക്കേണമേ. ഞങ്ങളടെ ശത്രുക്കൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ, ഞങ്ങളുടെ മതത്തിൽ നീ ഞങ്ങളെ പരീക്ഷണത്തിലകപ്പെടുത്തരുതേ (വിഷമിപ്പിക്കരുതേ). ദുൻയാവിനെ ഞങ്ങളുടെ മുഖ്യോദ്ദേശ്യവും ഞങ്ങളുടെ വിജ്ഞാനത്തിന്റെ ലക്ഷ്യവും ആക്കരുതേ. ഞങ്ങളോട് കരുണ കാണിക്കാത്തവരെ ഞങ്ങൾക്കുമീതെ നീ ആധിപത്യമേൽപിക്കരുതേ) തിർമിദി, ഹാഖിം സ്വഹീഹാക്കുകയും, ഇമാം ദഹബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

{ اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ } رواه البخاري ومسلم

(അല്ലാഹുവെ, ഞാൻ എന്നോട് ധാരാളം തെറ്റുകൾ ചെയ്തിട്ടുണ്ട്, നീയല്ലാതെ പാപം പൊറുക്കുവാനില്ല. അതിനാൽ എനിക്ക് നീ നിന്റെ പക്കൽനിന്നുള്ള പാപ മോചനം നൽകുകയും എന്നോട് നീ കരുണ കാണിക്കുകയും ചെയ്യേണമേ. നിശ്ചയം നീ ധാരാളം പൊറുക്കുന്നവനും കരുണ ചെയ്യുന്നവരുമാണല്ലോ) ബുഖാരി, മുസ്ലിം.

{اللهم إنا نسألك موجبات رحمتك ، وعزائم مغفرتك ، والسلامة من كل إثم ، والغنيمة من كل بر ، والفوز بالجنة ، والنجاة من النار } . أخرجه الحاكم وصصحه ووافقه الذهبي .

(അല്ലാഹുവെ, നിന്റെ കാരുണ്യത്തിന്റെ അനിവാര്യതയും നിന്റെ പക്കൽനിന്നുള്ള പാപമോചനത്തിന്റെ നിശ്ചയദാർഢ്യവും എല്ലാ പാപങ്ങളിൽ നിന്നുമുള്ള സുരക്ഷിതത്വവും എല്ലാ പുണ്യങ്ങളുടെ ലബ്ധിയും സ്വർഗപ്രാപ്തിയും നരക വിമുക്തിയും ഞങ്ങൾ നിന്നോട് ചോദിക്കുന്നു) ഹാഖിം സ്വഹീഹാക്കുകയും, ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

{اللهم اجعل أوسع رزقك عليَّ عند كبر سني ، وانقطاع عمري } . أخرجه الحاكم وصححه الألباني .

“അല്ലാഹുവെ, എനിക്ക് പ്രായമാകുമ്പോഴും ആയുസ്സ് അവസാനിക്കുമ്പോഴും നിന്റെ വിശാലാമയ വിഭവങ്ങൾ എനിക്ക് നീ നൽകേണമേ) ഹാഖിം ഉദ്ദരിച്ചതും അൽബാനി സ്വഹീഹാക്കിയതും.

{اللهم إني أعوذ بك أن أشرك بك وأناأعلم ، وأستغفرك لما لا أعلم } . رواه أحمد وصححه الألباني .

(അല്ലാഹുവെ, ഞാൻ അറിഞ്ഞ് കൊണ്ട് നിന്നോട് (വല്ലതിനെയും) പങ്ക് ചേർക്കുന്നതിൽ നിന്നും നിന്നോട് കാവൽ തേടുന്നു, ഞാൻ അറിയാതെ വല്ലതും (ചെയ്ത് പോയിട്ടുണ്ടെങ്കിൽ) അതിൽ നിന്നും ഞാൻ പാപമോചനം തേടുകയും ചെയ്യുന്നു) അഹ്മദ് ഉദ്ധരിച്ചതും, ഇമാം അൽബാനി സ്വഹീഹാ ക്കിയതും.

{اللهم إني أسألك علماً نافعاً ، ورزقاً طيباً ، وعملاً متقبلاً } . رواه ابن ماجه ، وصححه الألباني .

(അല്ലാഹുവെ, ഉപകാരപ്രദമായ അറിവും, നല്ല വിഭവവും സ്വീകാര്യമായ കർമ്മവും ഞാൻ നിന്നോട് ചോദിക്കുന്നു) ഇബ്നുമാജ ഉദ്ധരിച്ചതും, ഇമാം അൽബാനി സ്വഹീഹാക്കിയതും.

{ اللهم إني أسألك خير المسألة ، وخير الدعاء ، وخير النجاح ، وخير العمل ، وخير الثواب ، وخير الحياة ، وخير الممات ، وثبتني ، وثقل موازيني ، وحقق إيماني، وارفع درجاتي ، وتقبل صلاتي ، واغفر خطيئتي ، وأسألك الدرجات العلى من الجنة ، اللهم إني أسألك فواتح الخير ، وخواتمه ، وجوامعه ، وأوله ، وظاهره ، وباطنه

، والدرجات العلى من الجنة آمين . اللهم إني أسالك خير ما آتي ، وخير ما أفعل ، وخير ما أعمل ، وخير ما بطن ، وخير ما ظهر ، والدرجات العلى من الجنة آمين . اللهم إني أسألك أن ترفع ذكري ، وتضع وزري ، وتصلح أمري ، وتطهر قلبي ، وتحصن فرجي ، وتنور قلبي ، وتغفر لي ذنبي ، وأسألك الدرجات العلى من الجنة آمين . اللـــهم إني أسألك أن تبارك في نفسي ، وفي سمعي ، وفي بصري ، وفي روحي ، وفي خَلقي ، وفي خُلقي ، وفي أهلي ، وفي محياي ، وفي مماتي ، وفي عملي ، فتقبل حسناتي ، وأسألك الدرجات العلى من الجنة آمين} " . أخرجه الحاكم وصـــححه ووافقه الذهبي .

(അല്ലാഹുവെ, ഞാൻ നിന്നോട് നല്ല ചോദ്യവും നല്ല പ്രാർത്ഥനയും നല്ല വിജയവും നല്ല കർമ്മവും നല്ല പ്രതിഫലവും നല്ല ജീവിതവും നല്ല മരണവുംചോദിക്കുന്നു. നീ എന്നെ ഉറപ്പിച്ച് നിർത്തേണമേ. എന്റെ കർമ്മങ്ങളുടെ തുലാസുകളെ നീ ഭാരമുള്ളതാക്കേണമേ. എന്റെ ഈമാൻ യാഥാർത്ഥ്യമാ ക്കേണമേ. എന്റെ പദവികളെ നീ ഉയർത്തേണമേ. എന്റെ നമസ്കാരം നീ സ്വീകരി ക്കേണമേ. എന്റെ പാപം നീ പൊറുത്ത് തരേണമേ, അല്ലാഹുവെ സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു, അല്ലാഹുവെ, നന്മയുടെതായ തുടക്കവും നന്മയുടെതായ ഒടുക്കവും നന്മയുടെതായ സകലതും ഞാൻ ചോദിക്കുന്നു. ആദ്യവും അന്ത്യവും ബാഹ്യവും ആന്തരികവുമെല്ലാം നന്മയുടെ തായിരിക്കുവാൻ ഞാൻ നിന്നോട് തേടുന്നു. സ്വർഗത്തിലെ ഉന്നത സ്ഥാനങ്ങളും (ഞാൻ നിന്നോട് തേടുന്നു.) അല്ലാഹുവെ, ഞാൻ ചെയ്യുന്നതും പ്രവർത്തിക്കുന്നതും നല്ലതായിരിക്കുവാൻ ഞാൻ നിന്നോട് അപേക്ഷിക്കുന്നു, പ്രത്യക്ഷവും പരോക്ഷവുമായതെല്ലാം നല്ലതായി തീരുവാൻ ഞാൻ നിന്നോട് സഹായം തേടുന്നു, സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ആവശ്യപ്പെടുന്നു. അല്ലാഹുവെ എന്റെ സ്മരണ ഉയർത്തപ്പെടാനും എന്റെ പാപം താഴ്ത്തപ്പെടുവാനും എന്റെ കാര്യം ശരിയാവാനും എന്റെ മനസ് ശുദ്ധമാവാനും എന്റെ ഗുഹ്യാവയവം പരിരക്ഷിക്കപ്പെടാനും എന്റെ ഹൃദയം പ്രകാശിതമാവാനും എന്റെ തെറ്റുകൾ പൊറുക്കപ്പെടാനും ഞാൻ നിന്നോട് സഹായം ചോദിക്കുന്നു. സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു, അല്ലാഹുവെ, എന്റെ ശരീരത്തിലും കേൾവിയിലും കാഴ്ചയിലും ആത്മാവിലും പ്രകൃതത്തിലും സ്വഭാവത്തിലും കുടുംബത്തിലും ജീവിതത്തിലും മരണത്തിലും കർമ്മങ്ങളിലുമെല്ലാം നീ അനുഗ്രഹം ചൊരിയേണമേ. എന്റെ സുകൃതങ്ങൾ നീ സ്വീകരിക്കേണമേ. ഞാൻ നിന്നോട്സ്വർഗത്തിലെ ഉന്നത പദവികൾ ചോദിക്കുന്നു) ഹാഖിം ഉദ്ദരിച്ചതും ഇമാംഅൽബാനി സ്വഹീഹാക്കിയതും.

{اللهم متعني بسمعي، وبصري، واجعلهما الوارث مني، وانصرني على من ظلمني ، وخذ منه بثأري } . أخرجـــه الترمذي ، والحاكم وصححه ووافقه الذهبي

(അല്ലാഹുവെ, എന്റെ കാതിനെയും കണ്ണിനെയും നീ സുഖിപ്പിക്കേണമേ, അവ രണ്ടിനെയും എന്നി ൽ നിന്നുള്ള അനന്ത രാവകാശിയാക്കേണമേ. എന്റെ മേൽ അതിക്രമം നടത്തുന്നവർക്കെതിരെ നീ എന്നെ സഹായിക്കേണമേ. അവനിൽ നിന്ന് നീ എന്റെ പ്രതികാരം എടുക്കേണമേ) തിർമിദി, ഹാഖിം സ്വഹീഹാക്കുകയും, ഇമാം ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

{ اللهم إني أسألك عيشة نقية ، وميتة سوية ، ومرداً غير مخز ولا فاضح } أخرجه البزار في الزوائد ، والطبراني .

(അല്ലാഹുവെ, ശുദ്ധമായ ജീവിതവും നേരായ മരണവും നിന്ദ്യമോ, വഷളതയുള്ളതോ അല്ലാത്ത മടക്കവും നിന്നോട് ഞാൻ ചോദിക്കുന്നു) ബസ്സാർ സവാഇദിലും, ത്വബ്റാനിയും ഉദ്ദരിച്ചത്.

اللهم صلى وسلم على محمد وعلى آله وصحبه أجمعين .

മുഹമ്മദ് നബി(ﷺ)യുടെയും കുടുംബത്തിന്റെയും അനുയായികളുടെയും മേൽ ശാന്തിയും സമാധാനവും വർഷിപ്പിക്കേണമേ.

# ഉള്ളടക്കം:


| | വിഷയം | പേജ് |
|---|---|---|
| 1 | മുസ്‌ലിം സഹോദരാ | 2 |
| 2 | ഹജ്ജിൻെറയും ഉംറയുടെ ശ്രേഷ്ടതകൾ | 3 |
| 3 | ഹജ്ജിൻെറയും ഉംറയുടെയും വിധി | 3 |
| 4 | ഹജ്ജും ഉംറയും സ്വീകരിക്കപ്പെടുവാനുള്ള നിബന്ധനകൾ | 3 |
| 5 | ഹജ്ജിൻെറ ഇനങ്ങൾ | 5 |
| 6 | ഇഹ്റാമിൻെറ മീഖാത്തുകൾ | 6 |
| 7 | മീഖാത്തിൽ വെച്ച് ഹാജിമാർ ചെയ്യേണ്ട കർമ്മങ്ങൾ | 7 |
| 8 | ഇഹ്റാമിൻെറ വിലക്കുകൾ | 8 |
| 9 | മക്കയിലും മസ്ജിദുൽ ഹറാമിലും പ്രവേശിക്കൽ | 9 |
| 10 | ഉംറയുടെ ത്വവാഫ് | 10 |
| 11 | ത്വവാഫിൽ ഹാജിമാർക്ക് സംഭവിക്കുന്ന തെറ്റുകൾ | 11 |
| 12 | ഉംറയുടെ സഅ്യ് | 12 |
| 13 | ഉംറയുടെ അവസാന കർമ്മം | 13 |
| 14 | തർവ്വിയ്യത്തിൻെറ ദിനത്തിലുള്ള കർമ്മങ്ങൾ | 14 |
| 15 | അറഫാ ദിനത്തിലുള്ള കർമ്മങ്ങൾ | 14 |
| 16 | അറഫാദിനം ഹാജിമാർക്ക് സംഭവിക്കുന്ന തെറ്റുകൾ | 15 |
| 17 | മുസ്ദലിഫയിൽ രാപ്പാർക്കൽ | 16 |
| 18 | അറവ് ദിനം ഹാജിമാർ ചെയ്യേണ്ട കർമ്മങ്ങൾ | 17 |
| 19 | അയ്യാമുത്തശ്‌രീഖിൽ ഹാജിമാർ ചെയ്യണ്ട കർമ്മങ്ങൾ | 19 |
| 20 | വിടവാങ്ങൽ ത്വവാഫ് | 20 |
| 21 | മസ്ജിദുന്നബവി സന്ദർശനം | 21 |
| 22 | വിശുദ്ധഖുർആനിലും തിരുസുന്നത്തിലും സ്ഥിരപ്പെട്ട പ്രാർത്ഥനകൾ | 24 |
| 23 | ഉള്ളടക്കം | 31 |